# പരിശീലന രൂപരേഖകൾ
# ക്രിസ്തുവിനെ അനുഭവമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക
# (3)
## നമ്മുടെ നന്മകളായ ക്രിസ്തു
## ദൂത് ഒന്ന്
## നമ്മുടെ നന്മകളും, ദൈവത്തിന്റെ സമാധാനവും, നമ്മുടെ രഹസ്യവും, നമ്മെ ശക്തനാക്കുന്നവനുമായ ക്രിസ്തു

EM Hymns: ML250, ML158, ML246

തിരുവെഴുത്ത് വായന: ഫിലി. 4:5-9, 11-13

ഫിലി. 4:5 നിങ്ങളുടെ സംയമനം എല്ലാ മനുഷ്യരും അറിയട്ടെ, കർത്താവ് സമീപമുണ്ട്.

ഫിലി. 4:6 ഒന്നിലും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർഥനയാലും അപേക്ഷയാലും സ്തോത്രത്തോടുകൂടെ നിങ്ങളുടെ അപേക്ഷകൾ ദൈവത്തോട് അറിയിക്കുവിൻ;

ഫിലി. 4:7 സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിങ്ങളുടെ ചിന്തകളെയും ക്രിസ്തു യേശുവിൽ കാക്കും.

ഫിലി. 4:8 ഒടുവിൽ സഹോദരന്മാരേ, സത്യമായതൊക്കെയും അന്തസ്സുറ്റതൊക്കെയും നീതിയായതൊക്കെയും നിർമലമായതൊക്കെയും രമണീയമായതൊക്കെയും പ്രശംസനീയമായതൊക്കെയും, എന്തെങ്കിലും നന്മയും പുകഴ്ച്ചയും ഉണ്ടെങ്കിൽ, അതൊക്കെയും എണ്ണിക്കൊള്ളുവിൻ.

ഫിലി. 4:9 നിങ്ങൾ എന്നിൽ പഠിച്ചതും പ്രാപിച്ചതും കേട്ടതും കണ്ടതുമായ കാര്യങ്ങൾ ആചരിക്കുവിൻ; സമാധാനത്തിന്റെ ദൈവമോ നിങ്ങളോടുകൂടെ ഇരിക്കും.

ഫിലി. 4:11b ...ഏതു സാഹചര്യത്തിലും സംതൃപ്തനായിരിക്കുവാൻ ഞാൻ പഠിച്ചിരിക്കുന്നു.

ഫിലി. 4:12 താഴ്ച്ചയിൽ ആയിരിക്കുവാൻ എനിക്കറിയാം, സമൃദ്ധിയിൽ ആയിരിക്കുവാനും എനിക്കറിയാം; നിറഞ്ഞിരിക്കുവാനും വിശന്നിരിക്കുവാനും, സമൃദ്ധിയിലായിരിക്കുവാനും ബുദ്ധിമുട്ടിലായിരിക്കുവാനും, ഓരോന്നിലും എല്ലാറ്റിലും ഞാൻ രഹസ്യം പഠിച്ചിരിക്കുന്നു.

ഫിലി. 4:13 എന്നെ, ശക്തനാക്കുന്നവനിൽ സകലവും ചെയ്യുവാൻ ഞാൻ പ്രാപ്തനാകുന്നു..

**I. ഫിലിപ്പിയർ 4:5-9-ൽ നമ്മുടെ അനുഭവത്തിനായുള്ള ക്രിസ്തുവിന്റെ നന്മകൾ ക്രിസ്തുവിനെ ജീവിക്കുന്ന ഒരു ജീവിതത്തിന്റെ ആവിഷ്കാരമാണ്—1:19-21; 2:5-13; 3:8-10:**

ഫിലി. 4:5 നിങ്ങളുടെ സംയമനം എല്ലാ മനുഷ്യരും അറിയട്ടെ, കർത്താവ് സമീപമുണ്ട്.

ഫിലി. 4:6 ഒന്നിലും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർഥനയാലും അപേക്ഷയാലും സ്തോത്രത്തോടുകൂടെ നിങ്ങളുടെ അപേക്ഷകൾ ദൈവത്തോട് അറിയിക്കുവിൻ;

ഫിലി. 4:7 സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിങ്ങളുടെ ചിന്തകളെയും ക്രിസ്തു യേശുവിൽ കാക്കും.

ഫിലി. 4:8 ഒടുവിൽ സഹോദരന്മാരേ, സത്യമായതൊക്കെയും അന്തസ്സുറ്റതൊക്കെയും നീതിയായതൊക്കെയും നിർമലമായതൊക്കെയും രമണീയമായതൊക്കെയും പ്രശംസനീയമായതൊക്കെയും, എന്തെങ്കിലും നന്മയും പുകഴ്ച്ചയും ഉണ്ടെങ്കിൽ, അതൊക്കെയും എണ്ണിക്കൊള്ളുവിൻ.

ഫിലി. 4:9 നിങ്ങൾ എന്നിൽ പഠിച്ചതും പ്രാപിച്ചതും കേട്ടതും കണ്ടതുമായ കാര്യങ്ങൾ ആചരിക്കുവിൻ; സമാധാനത്തിന്റെ ദൈവമോ നിങ്ങളോടുകൂടെ ഇരിക്കും.

ഫിലി. 1:19 നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു,

ഫിലി. 1:20 എന്റെ വ്യഗ്രമായ പ്രതീക്ഷയ്ക്കും പ്രത്യാശയ്ക്കും ഒത്തവണ്ണം, യാതൊന്നിലും ഞാൻ ലജ്ജിച്ചുപോകാതെ, പൂർണ ധൈര്യത്തോടെ, എപ്പോഴും എന്നപോലെ ഇപ്പോഴും ജീവനാലാകട്ടെ മരണത്താലാകട്ടെ ക്രിസ്തു എന്റെ ശരീരത്തിൽ മഹിമപ്പെടും.

ഫിലി. 1:21a എനിക്കു ജീവിക്കുന്നത്...

ഫിലി. 2:5 ക്രിസ്തു യേശുവിലുള്ള അതേ മനസ്സ് നിങ്ങളിലും ഉണ്ടായിരിക്കട്ടെ,

ഫിലി. 2:6 അവൻ ദൈവരൂപത്തിൽ നിലനിൽക്കെ, ദൈവത്തോട് സമനായിരിക്കുന്നത് പിടിച്ചു വയ്ക്കുവാനുള്ള ഒരു നിധിയായി കരുതാതെ,

ഫിലി. 2:7 തന്നെത്താൻ ഒഴിച്ച്, അടിമരൂപം എടുത്ത്, മനുഷ്യ, സാദൃശ്യത്തിലായിത്തീർന്ന്,

ഫിലി. 2:8 വേഷത്തിൽ മനുഷ്യനായി കാണപ്പെട്ട്, തന്നെത്താൻ താഴ്ത്തി, മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു.

ഫിലി. 2:9 ദൈവവും അവനെ ഏറ്റവും ഉയർത്തി, സകല നാമത്തിനും മേലായ നാമം അവന്റെ മേൽ ചൊരിഞ്ഞു,

ഫിലി. 2:10 അത് യേശുവിന്റെ നാമത്തിൽ സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും എല്ലാ മുഴങ്കാലും മടങ്ങേണ്ടതിനും,

ഫിലി. 2:11 എല്ലാ നാവും യേശു ക്രിസ്തു കർത്താവ് എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി പരസ്യമായി ഏറ്റുപറയേണ്ടതിനും

ആകുന്നു.

ഫിലി. 2:12 അതിനാൽ എന്റെ പ്രിയരേ, നിങ്ങൾ എപ്പോഴും അനുസരിച്ചതുപോലെ, എന്റെ സാന്നിധ്യത്തിൽ മാത്രമല്ല അതിലുപരി ഇപ്പോൾ എന്റെ അസാന്നിധ്യത്തിലും, ഭയത്തോടും വിറയലോടുംകൂടെ നിങ്ങളുടെ സ്വന്തം രക്ഷയെ പുറപ്പെടുവിക്കുവിൻ.

ഫിലി. 2:13 എന്തെന്നാൽ തന്റെ സുപ്രസാദത്തിനു വേണ്ടി ഇച്ഛിക്കുന്നതിനും പ്രവർത്തിക്കുന്നതിനും നിങ്ങളിൽ വ്യാപരിക്കുന്നവൻ ദൈവമാകുന്നു.

ഫിലി. 3:8 അത്രയുമല്ല എന്റെ കർത്താവായ ക്രിസ്തു യേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ സകലവും നഷ്ടമെന്ന് എണ്ണുന്നു, ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും,

ഫിലി. 3:9 അവനിൽ കാണപ്പെടേണ്ടതിനും, ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിലുള്ള വിശ്വാസം മുഖാന്തരം, വിശ്വാസത്തെ ആധാരമാക്കി ദൈവത്തിൽ നിന്നുള്ള നീതി ഉണ്ടായിട്ട്,

ഫിലി. 3:10 അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്,,

A. സംയമനത്തെയും വിചാരപ്പെടാതിരിക്കുന്നതിനെയും ക്രിസ്തുവിനെ ജീവിക്കുന്ന ഒരു ജീവിതത്തിന്റെ ആവിഷ്കാരത്തിന്റെ ആദ്യത്തെ രണ്ടു വശങ്ങളായി പൗലൊസ് കണക്കാക്കുന്നു.

B. സാത്താനിൽനിന്നു വരുന്ന ആകുലത, മനുഷ്യജീവിതത്തിന്റെ ആകെത്തുകയും, ക്രിസ്തുവിനെ ജീവിക്കുന്ന വിശ്വാസികളുടെ ജീവിതത്തെ അസ്വസ്ഥമാക്കുന്നതുമാണ്; ദൈവത്തിൽനിന്നു വരുന്ന സംയമനം, ക്രിസ്തുവിനെ ജീവിക്കുന്ന ഒരു ജീവിതത്തിന്റെ ആകെത്തുകയാണ്; ഇവ രണ്ടും വിപരീതങ്ങളാണ്—മത്താ. 6:22-34.

മത്താ. 6:22 ശരീരത്തിന്റെ വിളക്ക് കണ്ണ് ആകുന്നു. അതുകൊണ്ട് നിന്റെ കണ്ണ് ഏകാഗ്രം എങ്കിൽ, നിന്റെ ശരീരം മുഴുവനും വെളിച്ചത്താൽ നിറഞ്ഞതായിരിക്കും;

മത്താ. 6:23 എന്നാൽ നിന്റെ കണ്ണ് തിന്മയുള്ളതെങ്കിൽ, നിന്റെ ശരീരം മുഴുവനും ഇരുണ്ടതായിരിക്കും. അപ്പോൾ നിന്നിലുള്ള വെളിച്ചം ഇരുട്ടാണെങ്കിൽ, ഇരുട്ട് എത്ര വലുത്!

മത്താ. 6:24 രണ്ടു യജമാനന്മാരെ സേവിക്കുവാൻ ആർക്കും കഴിയുകയില്ല; ഒന്നുകിൽ അവൻ ഒരുവനെ വെറുക്കുകയും മറ്റവനെ സ്നേഹിക്കുകയും ചെയ്യും; അല്ലെങ്കിൽ അവൻ ഒരുവനെ പിടിക്കുകയും മറ്റവനെ നിന്ദിക്കുകയും ചെയ്യും. ദൈവത്തെയും മാമ്മോനെയും സേവിക്കുവാൻ നിങ്ങൾക്കു കഴിയുകയില്ല.

മത്താ. 6:25 ഇക്കാരണത്താൽ ഞാൻ നിങ്ങളോടു പറയുന്നു, എന്തു

ഭക്ഷിക്കും അല്ലെങ്കിൽ എന്തു കുടിക്കും എന്നു നിങ്ങളുടെ ജീവനായിട്ടും, എന്തു ധരിക്കും എന്നു നിങ്ങളുടെ ശരീരത്തിനായിട്ടും വിചാരപ്പെടരുത്; ജീവൻ ഭക്ഷണത്തെക്കാളും ശരീരം വസ്ത്രത്തെക്കാളും വലുതല്ലയോ?

മത്താ. 6:26 ആകാശത്തിലെ പറവകളെ നോക്കുവിൻ. അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരകളിലേക്കു ശേഖരിക്കുന്നതുമില്ല, എങ്കിലും നിങ്ങളുടെ സ്വർഗീയ പിതാവ് അവയെ പോഷിപ്പിക്കുന്നു. നിങ്ങൾ അവയെക്കാൾ അധികം മൂല്യമുള്ളവരല്ലയോ?

മത്താ. 6:27 വിചാരപ്പെടുന്നതുകൊണ്ട് തന്റെ വലിപ്പത്തോടു ഒരു മുഴം കൂട്ടുവാൻ നിങ്ങളിൽ ആർക്കു കഴിയും?

മത്താ. 6:28 വസ്ത്രത്തെക്കുറിച്ചും നിങ്ങൾ എന്തിന് വിചാരപ്പെടുന്നു? വയലിലെ ലില്ലിപുഷ്പങ്ങൾ എങ്ങനെ വളരുന്നു എന്നു നന്നായി കരുതുവിൻ; അവ അധ്വാനിക്കുന്നില്ല, നൂൽക്കുന്നതുമില്ല.

മത്താ. 6:29 എന്നാൽ ശലോമോൻപോലും തന്റെ സകല മഹത്വത്തിലും ഇവയിൽ ഒന്നിനെപ്പോലെ ഉടുത്തിട്ടില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.

മത്താ. 6:30 ഇന്നുള്ളതും നാളെ ചൂളയിലേക്കെറിയുന്നതുമായ വയലിലെ പുല്ലിനെ ദൈവം ഇങ്ങനെ അണിയിക്കുന്നു എങ്കിൽ അൽപവിശ്വാസികളേ, നിങ്ങളെ എത്ര അധികം?

മത്താ. 6:31 അതുകൊണ്ട്, നാം എന്തു ഭക്ഷിക്കും? എന്നോ, നാം എന്തു കുടിക്കും? എന്നോ, നാം എന്തു ഉടുക്കും? എന്നോ പറഞ്ഞുകൊണ്ട് നിങ്ങൾ വിചാരപ്പെടരുത്.

മത്താ. 6:32 എന്തെന്നാൽ ഇവയെല്ലാം ജാതികൾ വിചാരപ്പെട്ട് അന്വേഷിക്കുന്നു. ഇവയെല്ലാം നിങ്ങൾക്ക് ആവശ്യമുണ്ടെന്നു നിങ്ങളുടെ സ്വർഗീയ പിതാവ് അറിയുന്നു.

മത്താ. 6:33 എന്നാൽ ആദ്യം അവന്റെ രാജ്യവും നീതിയും അന്വേഷിക്കുവിൻ, ഇവയെല്ലാം നിങ്ങൾക്കു കൂട്ടിച്ചേർക്കപ്പെടും.

മത്താ. 6:34 അതുകൊണ്ടു നാളേക്കായി വിചാരപ്പെടരുത്, എന്തെന്നാൽ നാളത്തെ ദിവസം അതിനായിത്തന്നെ വിചാരപ്പെടും; അതതു ദിവസത്തിനു അതതിന്റെ തിന്മ മതി.

**II. "നിങ്ങളുടെ സംയമനം എല്ലാ മനുഷ്യരും അറിയട്ടെ, കർത്താവ് സമീപമുണ്ട്"— ഫിലി. 4:5:**

A. ക്രിസ്തീയ അനുഭവമനുസരിച്ച്, സംയമനം സർവവും-ഉൾക്കൊള്ളുന്നതാണ്, കാരണം അതിൽ എല്ലാ ക്രിസ്തീയ നന്മകളും ഉൾപ്പെടുന്നു; വാസ്തവത്തിൽ തന്റെ സമൃദ്ധമായ സഹായത്തോടുകൂടിയ സർവവും-ഉൾക്കൊള്ളുന്ന ആത്മാവായ സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവാണ് സംയമനം—1:19-21:

ഫിലി. 1:19 നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു,

ഫിലി. 1:20 എന്റെ വ്യഗ്രമായ പ്രതീക്ഷയ്ക്കും പ്രത്യാശയ്ക്കും ഒത്തവണ്ണം, യാതൊന്നിലും ഞാൻ ലജ്ജിച്ചുപോകാതെ, പൂർണ ധൈര്യത്തോടെ, എപ്പോഴും എന്നപോലെ ഇപ്പോഴും ജീവനാലാകട്ടെ മരണത്താലാകട്ടെ ക്രിസ്തു എന്റെ ശരീരത്തിൽ മഹിമപ്പെടും.

ഫിലി. 1:21a എനിക്കു ജീവിക്കുന്നത് ക്രിസ്തുവും...

1. സംയമനം എന്നത് ഒരുവന്റെ നിയമപരമായ അവകാശങ്ങൾക്കുവേണ്ടി വാദിക്കുന്നതിൽ നിഷ്കർഷതയുള്ളവനാകാതെ മറ്റുള്ളവരോട് ഇടപെടുമ്പോഴുള്ള ന്യായവും, ദാക്ഷിണ്യവും, പരിഗണനയുമാണ്; നാം അർഹിക്കുന്നതിനെക്കാൾ കുറഞ്ഞുപോയാലും നാം വേഗത്തിൽ സംതൃപ്തരാകുന്നതാണ് സംയമനം:
   a. സംയമനത്തിൽ സ്നേഹം, ക്ഷമ, ദയ, വിനയം, കരുണ, പരിഗണന, കീഴ്വഴക്കം, വഴങ്ങാനുള്ള സന്നദ്ധത എന്നിവ ഉൾപ്പെടുന്നു; അത്തരമൊരു സർവവും ഉൾക്കൊള്ളുന്ന സദ്ഗുണം നമുക്കുണ്ടെങ്കിൽ, നമുക്ക് നീതിയും വിശുദ്ധിയും ഉണ്ടായിരിക്കും.
   b. സംയമനത്തിൽ ആത്മനിയന്ത്രണവും, മിതത്വവും, സൗമ്യതയും, വിവേകവും, സഹതാപവും, ജ്ഞാനവും, കരുണയും, ശാന്തതയും, കർത്താവിലേക്ക് നോക്കുന്നതും, കർത്താവ് സകലത്തിലും സർവാധികാരിയാണെന്ന് സമ്മതിക്കുന്ന നന്മയും ഉൾപ്പെടുന്നു—പ്ര.നി. 2 കൊരി. 12:7-9.

2 കൊരി. 12:7 വെളിപാടുകളുടെ അതിവിശിഷ്ടത നിമിത്തം, ഞാൻ അത്യന്തം ഉയർത്തപ്പെടാതിരിക്കേണ്ടതിന്, എനിക്ക് ജഡത്തിൽ ഒരു മുള്ള്, സാത്താന്റെ ഒരു ദൂതനെ, എന്നെ ഇടിക്കേണ്ടതിന് തന്നിരിക്കുന്നു, ഞാൻ അത്യന്തം ഉയർത്തപ്പെടാതിരിക്കേണ്ടതിന് തന്നെ.

2 കൊരി. 12:8 അത് എന്നെ വിട്ടുപോകേണ്ടതിന്, ഇതിനെക്കുറിച്ച് ഞാൻ മൂന്നു പ്രാവശ്യം കർത്താവിനോട് അപേക്ഷിച്ചു.

2 കൊരി. 12:9 — അവൻ എന്നോട്, എന്റെ കൃപ നിനക്ക് മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. അതുകൊണ്ട് ക്രിസ്തുവിന്റെ ശക്തി എന്റെമേൽ കൂടാരമടിക്കേണ്ടതിന്, ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും.

2. സംയമനമുള്ള ഒരു വ്യക്തി എപ്പോഴും ഒത്തുപോകുന്നവനും, അവന്റെ പെരുമാറ്റം എപ്പോഴും അനുയോജ്യവും ആയിരിക്കുന്നവനാണ്—പ്ര.നി. 6:1; 10:1; ഫിലി. 1:19; യെശ. 11:2:

2 കൊരി. 6:1a — അങ്ങനെ അവനോടുകൂടെ വേല ചെയ്തുകൊണ്ട്,...

2 കൊരി. 10:1 — എന്നാൽ (നിങ്ങൾ പറയുന്നതുപോലെ) സന്നിഹിതനായി നിങ്ങളുടെ ഇടയിൽ നിന്ദ്യനും അസാന്നിധ്യത്തിൽ നിങ്ങളോട് ധൈര്യമുള്ളവനുമായ പൗലൊസ് എന്ന ഞാൻ, ക്രിസ്തുവിന്റെ സൗമ്യതയും വിനയവും മുഖാന്തരം നിങ്ങളോട് അപേക്ഷിക്കുന്നത്,

ഫിലി. 1:19 — നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു,

യെശ. 11:2 — അവന്റെമേൽ യഹോവയുടെ ആത്മാവു ആവസിക്കും; ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവു, ആലോചനയുടെയും ബലത്തിന്റെയും ആത്മാവു, പരിജ്ഞാനത്തിന്റെയും യഹോവാഭക്തിയുടെയും ആത്മാവു തന്നേ.

a. നാം സംയമനം ഉള്ളവരാണെങ്കിൽ, മറ്റുള്ളവർക്ക് ആവശ്യമുള്ളത് നൽകാനുള്ള ജ്ഞാനവും പ്രാപ്തിയും നമുക്ക് ഉണ്ടായിരിക്കും; അവരോട് എന്ത് പറയണമെന്നും അത് എപ്പോൾ പറയണമെന്നും നമുക്ക് പൂർണ പരിജ്ഞാനവും ഉണ്ടായിരിക്കും—50:4-5; കൊലൊ. 1:28; സദൃ. 25:15.

യെശ. 50:4 — തളർന്നിരിക്കുന്നവനെ വാക്കുകൊണ്ടു താങ്ങുവാൻ അറിയേണ്ടതിന്നു യഹോവയായ കർത്താവു എനിക്കു ശിഷ്യന്മാരുടെ നാവു തന്നിരിക്കുന്നു; അവൻ രാവിലെതോറും ഉണർത്തുന്നു; ശിഷ്യന്മാരെപ്പോലെ

കേൾക്കേണ്ടതിന്നു അവൻ എന്റെ ചെവി ഉണർത്തുന്നു

യെശ. 50:5 — യഹോവയായ കർത്താവു എന്റെ ചെവി തുറന്നു; ഞാനോ മറുത്തുനിന്നില്ല; പിന്തിരിഞ്ഞതുമില്ല.

കൊലൊ. 1:28 — ഏതു മനുഷ്യനെയും ക്രിസ്തുവിൽ പൂർണവളർച്ച എത്തിയവനായി നിർത്തേണ്ടതിന്, സകല ജ്ഞാനത്തോടുംകൂടെ ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനെയും ഉപദേശിക്കുകയും ചെയ്തുകൊണ്ട്, അവനെ ഞങ്ങൾ അറിയിക്കുന്നു;

സദൃ. 25:15 — ദീർഘക്ഷാന്തികൊണ്ടു ന്യായാധിപന്നു സമ്മതം വരുന്നു; മൃദുവായുള്ള നാവു അസ്ഥിയെ നുറുക്കുന്നു.

b. സംയമനം ഉള്ളവരായിരിക്കുന്നത് നാം ചെയ്യുന്നതിനാലും പറയുന്നതിനാലും മറ്റുള്ളവർ എങ്ങനെ ബാധിക്കപ്പെടുമെന്ന് പരിഗണിക്കുന്നതാണ്—2 ദിന. 1:10.

2 ദിന. 1:10 — ആകയാൽ ഈ ജനത്തിന്നു നായകനായിരിക്കേണ്ടതിന്നു എനിക്കു ജ്ഞാനവും വിവേകവും തരേണമേ; അല്ലാതെ നിന്റെ ഈ വലിയ ജനത്തിന്നു ന്യായപാലനം ചെയ്‌വാൻ ആർക്കു കഴിയും?

B. സർവവും-ഉൾക്കൊള്ളുന്ന ഒരു നന്മയെന്ന നിലയിൽ, സംയമനം ക്രിസ്തു തന്നെയാണ്; ക്രിസ്തു സംയമനമായതിനാൽ, പൗലൊസിന് ജീവിക്കുന്നത് സംയമനമായിരുന്നു—ഫിലി. 1:21:

ഫിലി. 1:21a — എനിക്കു ജീവിക്കുന്നത് ക്രിസ്തുവും...

1. നമ്മുടെ സംയമനം സകല മനുഷ്യരും അറിയുന്നത് നാം ജീവിക്കുകയും മഹിമപ്പെടുത്തുകയും ചെയ്യുന്നവനും, നമ്മുടെ മാതൃകയായി നാം എടുക്കുന്നവനും, നമ്മുടെ ലക്ഷ്യമായി നാം പിൻപറ്റുന്നവനുമായ ക്രിസ്തുവിനെ എല്ലാവരും അറിയുന്നതാണ്.
2. കർത്താവായ യേശു മാത്രമാണ് സംയമനം നിറഞ്ഞ ഒരു ജീവിതം നയിച്ചത്; ക്രിസ്തുവിനു മാത്രമേ ഇന്ന് നമ്മുടെ തികഞ്ഞ സംയമനമായിരിക്കുവാൻ കഴിയുകയുള്ളൂ—ലൂക്ക. 24:15-19, 28-31; മത്താ. 17:24-27; യോഹ. 11:20-34.

ലൂക്കൊ. 24:15 — അവർ സംസാരിച്ച് ചർച്ച ചെയ്യുമ്പോൾ, യേശു താൻ അടുക്കൽ വരുകയും അവരോടൊപ്പം പോകുകയും ചെയ്തു.

| | |
|---|---|
| ലൂക്കൊ. 24:16 | എന്നാൽ അവരുടെ കണ്ണുകൾ അവനെ തിരിച്ചറിയാതിരിക്കുവാൻ തക്കവണ്ണം മറയ്ക്കപ്പെട്ടിരുന്നു. |
| ലൂക്കൊ. 24:17 | അവൻ അവരോട്, നിങ്ങൾ നടക്കുമ്പോൾ അന്യോന്യം കൈമാറുന്ന ഈ വാക്കുകൾ എന്താകുന്നു? എന്നു ചോദിച്ചു. അവർ വാടിയ മുഖത്തോടെ, നിശ്ചലമായി നിന്നു. |
| ലൂക്കൊ. 24:18 | ക്ലെയൊപ്പാവ് എന്നു പേരുള്ള ഒരുവൻ അവനോട്, നീ ഒരുവൻ മാത്രം യെരൂശലേമിൽ അപരിചിതനായി പാർക്കുകയും ഈ നാളുകളിൽ അതിൽ നടന്ന കാര്യങ്ങൾ അറിയാതെയും ഇരിക്കുന്നുവോ? എന്ന് ഉത്തരം പറഞ്ഞു. |
| ലൂക്കൊ. 24:19 | എന്തു കാര്യങ്ങൾ? എന്ന് അവൻ ചോദിച്ചു. അവർ അവനോടു പറഞ്ഞു, ദൈവത്തിനും സകല ജനത്തിനും മുമ്പാകെ പ്രവൃത്തിയിലും വാക്കിലും ശക്തിയുള്ള പ്രവാചകനായ, നസറായനായ യേശുവിനെ സംബന്ധിച്ച കാര്യങ്ങൾ തന്നെ; |
| ലൂക്കൊ. 24:28 | അവർ പോകുന്ന ഗ്രാമം സമീപിച്ചപ്പോൾ, അവൻ താൻ മുമ്പോട്ടു പോകുന്നതുപോലെ നടിച്ചു. |
| ലൂക്കൊ. 24:29 | അവരോ, ഞങ്ങളോടൊപ്പം തങ്ങുക, സന്ധ്യ ആകാറായി പകൽ കഴിഞ്ഞു പോയിരിക്കുന്നുവല്ലോ എന്നു പറഞ്ഞുകൊണ്ട് അവനെ നിർബന്ധിച്ചു. അവൻ അവരോടുകൂടെ തങ്ങുവാൻ അകത്തു പോയി. |
| ലൂക്കൊ. 24:30 | അവൻ അവരോടൊപ്പം മേശയിങ്കൽ ഇരുന്നപ്പോൾ, അപ്പം എടുത്ത് വാഴ്ത്തി, നുറുക്കിയിട്ട് അവർക്കു നൽകി. |
| ലൂക്കൊ. 24:31 | അവരുടെ കണ്ണുകൾ തുറക്കപ്പെടുകയും, അവർ അവനെ തിരിച്ചറിയുകയും ചെയ്തു; അവനോ അവരിൽനിന്ന് അപ്രത്യക്ഷനായി. |
| മത്താ. 17:24 | പിന്നെ അവർ കഫർന്നഹൂമിലേക്കു വന്നപ്പോൾ ദ്വിദ്രഹ്മപ്പണം വാങ്ങുന്നവർ പത്രൊസിന്റെ അടുക്കൽ വന്ന്, നിങ്ങളുടെ ഗുരു ദ്വിദ്രഹ്മപ്പണം അടയ്ക്കാറില്ലയോ? എന്നു ചോദിച്ചു. |
| മത്താ. 17:25 | ഉവ്വ് എന്ന് അവൻ പറഞ്ഞു. അവൻ വീട്ടിലേക്കു വന്നപ്പോൾ യേശു മുൻകൂട്ടി അവനോട്, ശിമോനേ, നിനക്ക് എന്തു തോന്നുന്നു? ഭൂമിയിലെ രാജാക്കന്മാർ ആരിൽനിന്നു ചുങ്കമോ കരമോ വാങ്ങുന്നു, തങ്ങളുടെ |

| | |
|---|---|
| | പുത്രന്മാരിൽ നിന്നോ അതോ അന്യരിൽ നിന്നോ? എന്നു ചോദിച്ചു. |
| മത്താ. 17:26 | അന്യരിൽ നിന്ന് എന്ന് അവൻ പറഞ്ഞപ്പോൾ യേശു അവനോട് പറഞ്ഞു, അപ്പോൾ പിന്നെ പുത്രന്മാർ ഒഴിവുള്ളവരാകുന്നു. |
| മത്താ. 17:27 | എന്നാൽ നാം അവർക്ക് ഇടർച്ച വരുത്താതിരിക്കേണ്ടതിന് കടലിലേക്കു പോയി ഒരു ചൂണ്ട ഇടുക, പൊങ്ങിവരുന്ന ആദ്യത്തെ മീനിനെ എടുക്കുക. അതിന്റെ വായ് നീ തുറക്കുമ്പോൾ, ഒരു ചതുർദ്രഹ്മപ്പണം കണ്ടെത്തും; അതെടുത്ത് എനിക്കും നിനക്കും വേണ്ടി അവർക്കു കൊടുക്കുക. |
| യോഹ. 11:20 | അതുകൊണ്ട് യേശു വരുന്നു എന്നു കേട്ടപ്പോൾ, മാർത്ത അവനെ എതിരേൽക്കുവാൻ പോയി; എന്നാൽ മറിയ ഭവനത്തിൽത്തന്നെ ഇരുന്നു. |
| യോഹ. 11:21 | അപ്പോൾ മാർത്ത യേശുവിനോട്, കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുകയില്ലായിരുന്നു. |
| യോഹ. 11:22 | എന്നാൽ ഇപ്പോഴും നീ ദൈവത്തോട് എന്തു ചോദിച്ചാലും, ദൈവം നിനക്കു നൽകും എന്ന് എനിക്കറിയാം എന്നു പറഞ്ഞു. |
| യോഹ. 11:23 | യേശു അവളോട്, നിന്റെ സഹോദരൻ വീണ്ടും ഉയിർക്കും എന്നു പറഞ്ഞു. |
| യോഹ. 11:24 | മാർത്ത അവനോട്, അവസാനനാളിലെ പുനരുത്ഥാനത്തിൽ അവൻ ഉയിർത്തെഴുന്നേൽക്കും എന്ന് എനിക്കറിയാം എന്നു പറഞ്ഞു. |
| യോഹ. 11:25 | യേശു അവളോട്, ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിലേക്ക് വിശ്വസിക്കുന്നവൻ മരിക്കേണ്ടിവന്നാലും, ജീവിക്കും; |
| യോഹ. 11:26 | ജീവിച്ചിരുന്ന് എന്നിലേക്കു വിശ്വസിക്കുന്ന ഏവനും, ഒരുവിധത്തിലും ഒരുനാളും മരിക്കുകയില്ല. ഇതു നീ വിശ്വസിക്കുന്നുവോ? എന്നു പറഞ്ഞു. |
| യോഹ. 11:27 | അവൾ അവനോട്, ഉവ്വ്, കർത്താവേ; നീ ലോകത്തിലേക്കു വരുന്ന ദൈവപുത്രനായ ക്രിസ്തു ആകുന്നു എന്നു ഞാൻ വിശ്വസിച്ചിരിക്കുന്നു എന്നു പറഞ്ഞു. |
| യോഹ. 11:28 | ഇതു പറഞ്ഞശേഷം, അവൾ പോയി തന്റെ സഹോദരിയായ മറിയയെ രഹസ്യമായി വിളിച്ചു, ഗുരു |

ഇവിടെയുണ്ട് നിന്നെ വിളിക്കുന്നു എന്നു പറഞ്ഞു.

യോഹ. 11:29 അവളോ, ഇതു കേട്ടപ്പോൾ, പെട്ടെന്ന് എഴുന്നേറ്റ്, അവന്റെ അടുക്കൽ വന്നു.

യോഹ. 11:30 യേശു ഇനിയും ഗ്രാമത്തിലേക്കു വന്നിട്ടില്ലായിരുന്നു, അപ്പോഴും മാർത്ത അവനെ എതിരേറ്റ സ്ഥലത്തു തന്നെയായിരുന്നു.

യോഹ. 11:31 അപ്പോൾ അവളോടൊപ്പം ഭവനത്തിലുണ്ടായിരുന്നവരും അവളെ സാന്ത്വനിപ്പിച്ചുകൊണ്ടിരുന്നവരുമായ യെഹൂദന്മാർ, മറിയ പെട്ടെന്നു എഴുന്നേറ്റ് പുറത്തുപോകുന്നതു കണ്ടിട്ട്, അവൾ കല്ലറയ്ക്കൽ, അവിടെ കരയുവാൻ പോകുന്നു എന്ന് വിചാരിച്ച്, അവളെ പിന്തുടർന്നു.

യോഹ. 11:32 അപ്പോൾ മറിയ, യേശു ഉണ്ടായിരുന്ന സ്ഥലത്തു വന്നപ്പോൾ, അവനെ കണ്ടിട്ട് അവനോട്, കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുകയില്ലായിരുന്നു എന്നു പറഞ്ഞുകൊണ്ട് അവന്റെ കാൽക്കൽ വീണു.

യോഹ. 11:33 അപ്പോൾ യേശു, അവൾ കരയുന്നതും, അവൾക്കൊപ്പം വന്ന യെഹൂദന്മാർ കരയുന്നതും കണ്ടപ്പോൾ, തന്റെ ആത്മാവിൽ രോഷം പൂണ്ട്, അസ്വസ്ഥനായി,

യോഹ. 11:34 നിങ്ങൾ അവനെ എവിടെ വച്ചിരിക്കുന്നു? എന്നു ചോദിച്ചു. അവർ അവനോട്, കർത്താവേ, വന്നു കാണേണം എന്നു പറഞ്ഞു.

3. നമ്മുടെ സംയമനം അറിയുമാറാക്കുകയെന്നാൽ എല്ലാ മാനുഷിക നന്മകളുടെയും ആകെത്തുകയായി ക്രിസ്തുവിനെ ആവിഷ്കരിക്കുന്ന ഒരു ജീവിതം നയിക്കുക എന്നാണ്.
4. സംയമനത്തെക്കുറിച്ച് സംസാരിച്ച ഉടനെ കർത്താവ് സമീപമുണ്ടെന്ന് പൗലൊസ് പറയുന്നു (ഫിലി. 4:5); സ്ഥലത്തോടുള്ള ബന്ധത്തിൽ നമ്മെ സഹായിക്കുവാൻ തയ്യാറായി കർത്താവ് നമുക്കു സമീപമുണ്ട്; സമയത്തോടുള്ള ബന്ധത്തിൽ വേഗം വരുന്നവനായി കർത്താവ് അടുത്തുണ്ട് (പ്ര.നി. റോമ. 10:8-13); കർത്താവ് സമീപമുണ്ടെന്നത് പ്രാഥമികമായി നമ്മോടുകൂടെയുള്ള അവന്റെ സാധിധ്യത്തെ പരാമർശിക്കുന്നു (മത്താ. 1:23; പുറ. 33:14).

ഫിലി. 4:5 നിങ്ങളുടെ സംയമനം എല്ലാ മനുഷ്യരും അറിയട്ടെ, കർത്താവ് സമീപമുണ്ട്.

റോമ. 10:8 എന്നാൽ അത് എന്ത് പറയുന്നു? “വചനം നിന്റെ അടുക്കൽ, നിന്റെ വായിലും നിന്റെ ഹൃദയത്തിലും

ഉണ്ട്," അതായത് നാം പ്രഖ്യാപിക്കുന്ന വിശ്വാസ വചനം തന്നെ,

| | |
|---|---|
| റോമ. 10:9 | യേശുവിനെ കർത്താവ് എന്ന് നിന്റെ വായ് കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്ന് നിന്റെ ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ, നീ രക്ഷിക്കപ്പെടും; |
| റോമ. 10:10 | ഹൃദയംകൊണ്ട് നീതിയിങ്കലേക്ക് വിശ്വസിക്കുകയും വായ് കൊണ്ട് രക്ഷയിങ്കലേക്ക് ഏറ്റുപറയുകയും ചെയ്യുന്നു. |
| റോമ. 10:11 | തിരുവെഴുത്ത് പറയുന്നു, "അവന്മേൽ വിശ്വസിക്കുന്ന ഒരുവനും ലജ്ജിക്കപ്പെടുകയില്ല." |
| റോമ. 10:12 | യെഹൂദനും യവനനും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല, ഒരേ കർത്താവുതന്നെ എല്ലാവരുടെയും കർത്താവും, അവനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും സമ്പന്നനും ആകുന്നു; |
| റോമ. 10:13 | "കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും." |
| മത്താ. 1:23 | "ഇതാ, കന്യക ഗർഭിണിയായി ഒരു പുത്രനെ പ്രസവിക്കും, അവർ അവന്റെ പേർ ഇമ്മാനൂവേൽ എന്നു വിളിക്കും" (അതിനെ ദൈവം നമ്മോടുകൂടെ എന്ന് മൊഴിമാറ്റം ചെയ്തിരിക്കുന്നു). |
| പുറ. 33:14 | അതിന്നു അവൻ: എന്റെ സാന്നിദ്ധ്യം നിന്നോടുകൂടെ പോരും; ഞാൻ നിനക്കു സ്വസ്ഥത നല്കും എന്നു അരുളിച്ചെയ്തു. |

C. രൂപാന്തരപ്പെടുന്നതിന്റെ, അതായത് ഏതു തരം ചുറ്റുപാടിലും, സാഹചര്യത്തിലും, അഥവാ പരിതസ്ഥിതിയിലും നമ്മുടെ സ്വാഭാവിക ജീവനിൽ ചയാപചയമായി മാറ്റപ്പെടുന്നതിന്റെ, രഹസ്യമായി (ഫിലി. 4:12) ക്രിസ്തുവിനെ നാം പഠിക്കേണ്ടതാവശ്യമാണ്; ഈ പ്രായോഗികവും ലളിതവുമായ രഹസ്യം 6-ഉം 7-ഉം വാക്യങ്ങളിലുണ്ട്—"ഒന്നിലും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർഥനയാലും അപേക്ഷയാലും സ്തോത്രത്തോടുകൂടെ നിങ്ങളുടെ അപേക്ഷകൾ ദൈവത്തോട് അറിയിക്കുവിൻ; സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിങ്ങളുടെ ചിന്തകളെയും ക്രിസ്തു യേശുവിൽ കാക്കും."

| | |
|---|---|
| ഫിലി. 4:12 | താഴ്ച്ചയിൽ ആയിരിക്കുവാൻ എനിക്കറിയാം, സമൃദ്ധിയിൽ ആയിരിക്കുവാനും എനിക്കറിയാം; നിറഞ്ഞിരിക്കുവാനും വിശന്നിരിക്കുവാനും, സമൃദ്ധിയിലായിരിക്കുവാനും ബുദ്ധിമുട്ടിലായിരിക്കുവാനും, ഓരോന്നിലും എല്ലാറ്റിലും ഞാൻ |

രഹസ്യം പഠിച്ചിരിക്കുന്നു.

III. **"നമ്മുടെ ദൈനംദിന ജീവിതത്തിൽ നമുക്ക് പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ, മറ്റുള്ളവരിൽനിന്നും നാം ഉപദേശം അന്വേഷിക്കേണ്ടതില്ല, കാരണം നമ്മിൽ ഒരു ആത്മാവുണ്ട്, നമ്മുടെ ആത്മാവിൽ വസിക്കുന്ന ആത്മാവായ കർത്താവ് നമുക്ക് വളരെ സമീപമുണ്ട്. ടെലിഫോണോ ഫാക്സ് മെഷീനോ ഉപയോഗിക്കാതെ തന്നെ നമുക്ക് എല്ലാ കാര്യങ്ങളെക്കുറിച്ചും അവനോട് ചോദിക്കുവാൻ കഴിയും, കാരണം അവന് നമ്മുടെ ഉള്ളിൽത്തന്നെ നമ്മോട് സംസാരിക്കുവാൻ കഴിയും. നിങ്ങൾക്ക് അവനുമായി സംസാരിക്കുവാനും സകലത്തിലും അവനുമായി ചർച്ച ചെയ്യുവാനും കഴിയും. കർത്താവിന്റെ വചനം പറയുന്നു: "ഒന്നിലും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർഥനയാലും അപേക്ഷയാലും സ്തോത്രത്തോടുകൂടെ നിങ്ങളുടെ അപേക്ഷകൾ ദൈവത്തോട് അറിയിക്കുവിൻ" (ഫിലി. 4:6). തന്മൂലം, നിങ്ങൾക്ക് ഏതാനും പ്രശ്നമുണ്ടെങ്കിൽ, നിങ്ങൾ അവനോട് പറയുകയേ വേണ്ടൂ. അവൻ നിങ്ങളുടെ ഉള്ളിലുണ്ട്, അവൻ നിങ്ങളോടുകൂടെ മുഖാമുഖം ഉണ്ട്. ത്രിയേക ദൈവം—പിതാവും പുത്രനും ആത്മാവും—നമ്മിലുള്ളത് നമ്മെ ശല്യപ്പെടുത്താനല്ല, മറിച്ച് നമ്മുടെ കാര്യസ്ഥനും, ആശ്വാസപ്രദനും, പിന്തുണക്കാരനുമായിരിക്കാനാണ്. ഞാൻ എല്ലായ്പോഴും ഇങ്ങനെ പ്രാർഥിക്കുന്നു: "കർത്താവേ, ഇപ്പോൾ ഞാൻ നടക്കാൻ പോകുന്നു. എന്നെ സംരക്ഷിക്കുകയും, എന്നെ താങ്ങുകയും, എന്നെ ബലപ്പെടുത്തുകയും ചെയ്യേണമേ." ഇത് കർത്താവിനെ കുടിക്കുന്നതാണ്. ഈ വിധത്തിൽ എനിക്ക് യാതൊരു ആകുലതയുമില്ല. ആകുലത വരുമ്പോൾ, നിങ്ങൾ പറയണം, 'കർത്താവേ, ഈ ആകുലത എന്റേതല്ല, നിന്റേതാണ്; എനിക്കുവേണ്ടി നീ അതിനെ വഹിക്കുന്നതുകൊണ്ട് ഞാൻ അത് നിനക്ക് തരുന്നു." അങ്ങനെ, നിങ്ങൾ കർത്താവിന്റെ മൂലകം നിങ്ങളിലേക്ക് സ്വീകരിക്കുകയും, നിങ്ങളിൽ നിരന്തരം ചയാപചയം പ്രവർത്തിക്കുകയും ചെയ്യും. തൽഫലമായി, നിങ്ങളിലൂടെ ബാഹ്യമായി ആവിഷ്കരിക്കപ്പെടുന്നത് ക്രിസ്തുവാണ്. ഇതാണ് ക്രിസ്തുവിനെ ജീവിക്കുന്നത്. <u>ഈ രഹസ്യം അറിയാത്തവർ ക്രിസ്തുവിനെ ജീവിക്കുന്നത് പ്രയാസമുള്ള ഒരു കാര്യമായി കണക്കാക്കുന്നു. വാസ്തവത്തിൽ, നിങ്ങൾ കർത്താവിനോട് നിരന്തരം സംസാരിക്കുന്നത് പരിശീലിക്കുകയേ വേണ്ടൂ; അപ്പോൾ സ്വതേ, നിങ്ങൾ ക്രിസ്തുവിനെ ജീവിക്കും</u>"—*ദൈവത്തിന്റെ രക്ഷയുടെ ജൈവിക വശം*, പേജ്. 54-55:**

A. സകല മനുഷ്യന്റെയും ബുദ്ധിയെ കവിയുന്ന ദൈവത്തിന്റെ സമാധാനം ക്രിസ്തു തന്നെയാണ്—ഫിലി. 4:7; യെശ. 9:6; യോഹ. 14:27; ലൂക്കൊ. 7:50; റോമ. 3:17; 5:1; 8:6; 15:13; 16:20.

ഫിലി. 4:7 സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിങ്ങളുടെ ചിന്തകളെയും ക്രിസ്തു യേശുവിൽ കാക്കും.

യെശ. 9:6 നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും;

അവന്നു അത്ഭുതമന്ത്രി, വീരനാംദൈവം, നിത്യപിതാവു, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും.

| | |
|---|---|
| യോഹ. 14:27 | സമാധാനം ഞാൻ നിങ്ങൾക്കു തന്നിട്ടുപോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം നിങ്ങൾക്കു തരുന്നതുപോലെയല്ല ഞാൻ തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങുവാനും ഭയപ്പെടുവാനും ഇടവരരുത്. |
| ലൂക്കൊ. 7:50 | എന്നാൽ അവൻ സ്ത്രീയോട്, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തിൽ പോകുക എന്നു പറഞ്ഞു. |
| റോമ. 3:17 | സമാധാനത്തിന്റെ മാർഗം അവർ അറിഞ്ഞിട്ടുമില്ല. |
| റോമ. 5:1 | അതുകൊണ്ട് വിശ്വാസത്തിൽ നിന്ന് നീതീകരിക്കപ്പെട്ടിട്ട്, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലൂടെ നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്, |
| റോമ. 8:6 | ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു. |
| റോമ. 15:13 | പരിശുദ്ധാത്മാവിന്റെ ശക്തിയിലുള്ള പ്രത്യാശയിൽ നിങ്ങൾ സമൃദ്ധമാകേണ്ടതിന്, പ്രത്യാശയുടെ ദൈവം, വിശ്വസിക്കുന്നതിലുള്ള സകല ആനന്ദത്താലും സമാധാനത്താലും നിങ്ങളെ നിറയ്ക്കട്ടെ. |
| റോമ. 16:20 | സമാധാനത്തിന്റെ ദൈവമോ സാത്താനെ വൈകാതെ നിങ്ങളുടെ പാദങ്ങൾക്ക് കീഴെ ചതച്ചുകളയും. നമ്മുടെ കർത്താവായ യേശുവിന്റെ കൃപ നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ. |

B. *എല്ലാറ്റിലും* എന്ന വാക്ക് അനുദിനവും നമുക്ക് സംഭവിക്കുന്ന നിരവധി വ്യത്യസ്ത കാര്യങ്ങളെ സൂചിപ്പിക്കുന്നു; പ്രാർഥന പൊതുവായതാണ്, അതിന്റെ സാരാംശം ആരാധനയും കൂട്ടായ്മയും ആണ്; അപേക്ഷ പ്രത്യേകമായതാണ്, അത് നിശ്ചിത ആവശ്യങ്ങൾക്കുവേണ്ടിയുള്ളതാണ്; നമ്മുടെ പ്രാർഥനയും അപേക്ഷയും കർത്താവിനോടുള്ള സ്തോത്രത്തോടുകൂടെയായിരിക്കണം—ഫിലി. 4:6.

| | |
|---|---|
| ഫിലി. 4:6 | ഒന്നിലും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർഥനയാലും അപേക്ഷയാലും സ്തോത്രത്തോടുകൂടെ നിങ്ങളുടെ അപേക്ഷകൾ ദൈവത്തോട് അറിയിക്കുവിൻ; |

C. *ദൈവത്തോട്* എന്നത് കൂട്ടായ്മയെ സൂചിപ്പിക്കുന്ന ജീവനുള്ള ഐക്യവും സംസർഗവും എന്ന അർഥത്തിൽ ദൈവത്തിലേക്കുള്ള നീക്കത്തെ സൂചിപ്പിക്കുന്നു; തന്മൂലം, ഇവിടെ *ദൈവത്തോട്* എന്ന അർഥം “ദൈവവുമായുള്ള കൂട്ടായ്മയിൽ” എന്നാണ്—വാ. 6.

| | |
|---|---|
| ഫിലി. 4:6 | ഒന്നിലും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർഥനയാലും |

അപേക്ഷയാലും സ്തോത്രത്തോടുകൂടെ നിങ്ങളുടെ അപേക്ഷകൾ ദൈവത്തോട് അറിയിക്കുവിൻ;

D. പ്രാർഥനയിൽ ദൈവവുമായുള്ള കൂട്ടായ്മ അനുഷ്ഠിക്കുന്നതിന്റെ ഫലം നാം ദൈവസമാധാനം ആസ്വദിക്കുന്നു എന്നതാണ്; ദൈവസമാധാനം എന്നത് വാസ്തവത്തിൽ പ്രാർഥനയാൽ ദൈവവുമായുള്ള നമ്മുടെ കൂട്ടായ്മയിലൂടെ നമ്മിലേക്ക് സന്നിവേശിപ്പിക്കപ്പെടുന്ന, സമാധാനമായ ദൈവം തന്നെയാണ് (വാ. 9), ഇത് പ്രശ്നങ്ങൾക്ക് സമഭാരവും ആകുലതയ്ക്ക് മറുമരുന്നുമാണ് (യോഹ. 16:33).

ഫിലി. 4:9 — നിങ്ങൾ എന്നിൽ പഠിച്ചതും പ്രാപിച്ചതും കേട്ടതും കണ്ടതുമായ കാര്യങ്ങൾ ആചരിക്കുവിൻ; സമാധാനത്തിന്റെ ദൈവമോ നിങ്ങളോടുകൂടെ ഇരിക്കും.

യോഹ. 16:33 — നിങ്ങൾക്ക് എന്നിൽ സമാധാനം ഉണ്ടായിരിക്കേണ്ടതിന് ഈ കാര്യങ്ങൾ ഞാൻ നിങ്ങളോട് സംസാരിച്ചിരിക്കുന്നു. ലോകത്തിൽ നിങ്ങൾക്ക് ക്ലേശം ഉണ്ട്, എന്നാൽ ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു.

E. സമാധാനത്തിന്റെ ദൈവം നമ്മെ ശാന്തതയിലും സ്വസ്ഥതതയിലും സൂക്ഷിച്ചുകൊണ്ട് (യെശ. 30:15) ക്രിസ്തുവിൽ നമ്മുടെ ഹൃദയങ്ങൾക്കും ചിന്തകൾക്കും മുമ്പാകെ റോന്തുചുറ്റുന്നു; ആകുലത ഇല്ലാത്ത ഒരു ജീവിതം നമുക്കുണ്ടായിരിക്കണമെങ്കിൽ, ക്രിസ്തുവിനെ നേടുകയും, ക്രിസ്തുവിനെ ജീവിക്കുകയും, ക്രിസ്തുവിനെ മഹിമപ്പെടുത്തുകയും ചെയ്യുക എന്ന നമ്മുടെ ഭാഗധേയം നിറവേറ്റുന്നതിൽ നമ്മെ സഹായിക്കുന്നതിനായി, നല്ലതോ ചീത്തയോ ആയ നമ്മുടെ എല്ലാ പരിതസ്ഥിതികളും നമുക്ക് ദൈവത്താൽ നിയമിക്കപ്പെട്ടതാണെന്ന് നാം തിരിച്ചറിയണം (റോമ. 8:28-30; മത്താ. 10:29-31; 2 കൊരി. 4:15-18).

യെശ. 30:15 — യിസ്രായേലിന്റെ പരിശുദ്ധനായി യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: മനന്തിരിഞ്ഞു അടങ്ങിയിരുന്നാൽ നിങ്ങൾ രക്ഷിക്കപ്പെടും. വിശ്രമിക്കുന്നതിലും ആശ്രയിക്കുന്നതിലും നിങ്ങളുടെ ബലം; എങ്കിലും നിങ്ങൾക്കു മനസ്സാകാതെ:

റോമ. 8:28 — ദൈവത്തെ സ്നേഹിക്കുന്നവർക്ക്, തന്റെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർക്ക്, സകല കാര്യങ്ങളും നന്മയ്ക്കായി ഒന്നിച്ച് പ്രവർത്തിക്കുന്നു എന്ന് നാം അറിയുന്നു.

റോമ. 8:29 — എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

റോമ. 8:30 — അവൻ മുൻനിയമിച്ചവരെ, അവൻ വിളിക്കുകയും; അവൻ വിളിച്ചവരെ, അവൻ നീതീകരിക്കുകയും; അവൻ

| | |
|---|---|
| | നീതീകരിച്ചവരെ, അവൻ തേജസ്കരിക്കുകയും ചെയ്തു. |
| മത്താ. 10:29 | ഒരു അസ്സരിയോന് രണ്ടു കുരുവികളെ വിൽക്കുന്നില്ലയോ? നിങ്ങളുടെ പിതാവിനെ കൂടാതെ അവയിൽ ഒന്നു ഭൂമിയിൽ വീഴുകയുമില്ല. |
| മത്താ. 10:30 | എന്നാൽ നിങ്ങളുടെ തലയിലെ മുടികൾക്ക് പോലും എല്ലാം അക്കമിട്ടിരിക്കുന്നു. |
| മത്താ. 10:31 | അതുകൊണ്ട് ഭയപ്പെടരുത്; അനേകം കുരുവികളെക്കാൾ നിങ്ങൾ അധികം മൂല്യമുള്ളവരാകുന്നു. |
| 2 കൊരി. 4:15 | അനേകരിലൂടെ പെരുകിയ കൃപ, ദൈവമഹത്വത്തിന് സ്തോത്രം സമൃദ്ധമാകുവാൻ ഇടയാകേണ്ടതിന് സകലവും നിങ്ങൾ നിമിത്തമാകുന്നു. |
| 2 കൊരി. 4:16 | അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെട്ടുപോകുന്നില്ല; എന്നാൽ ഞങ്ങളുടെ പുറത്തെ മനുഷ്യൻ ക്ഷയിച്ചുപോകുന്നെങ്കിലും ഞങ്ങളുടെ അകത്തെ മനുഷ്യൻ ദിനംപ്രതി പുതുക്കപ്പെടുന്നു. |
| 2 കൊരി. 4:17 | ഞങ്ങളുടെ ക്ഷണികമായ ലഘു ക്ലേശം ഞങ്ങൾക്കുവേണ്ടി, അതിയായി കവിയുന്ന, നിത്യമായ ഘന തേജസ്സ് പുറപ്പെടുവിക്കുന്നു, |
| 2 കൊരി. 4:18 | എന്തുകൊണ്ടെന്നാൽ ഞങ്ങൾ കാണുന്നവയെ അല്ല കാണാത്തവയെ അത്രേ കരുതുന്നത്; കാണുന്നവ താൽക്കാലികവും, കാണാത്തവ നിത്യവും ആകുന്നു.. |

**IV. "ഒടുവിൽ സഹോദരന്മാരേ, സത്യമായതൊക്കെയും അന്തസ്സുറ്റതൊക്കെയും നീതിയായതൊക്കെയും നിർമലമായതൊക്കെയും രമണീയമായതൊക്കെയും പ്രശംസനീയമായതൊക്കെയും എന്തെങ്കിലും നന്മയും പുകഴ്ചയും ഉണ്ടെങ്കിൽ, അതൊക്കെയും എണ്ണിക്കൊള്ളുവിൻ"—ഫിലി. 4:8:**

A. ഈ നന്മകൾ ദൈവത്തിന്റെ ദേഹരൂപമായ ക്രിസ്തുവിനെ പിൻപറ്റുന്നവരുടെ ഉള്ളിൽനിന്നും ജീവിച്ചു വെളിപ്പെടുത്തുന്ന ദൈവത്തിന്റെ സദ്ഗുണങ്ങളുടെ ആവിഷ്കാരങ്ങളാണ്.

B. ഈ നന്മകൾ ക്രിസ്തുവിനെ ജീവിക്കുന്ന ഒരു ജീവിതത്തിന്റെ ആറ് നിയന്ത്രക വശങ്ങളാണ്:

1. ക്രിസ്തുവിനെ ജീവിക്കുന്ന ജീവിതം സത്യമായതാണ്—യാതൊരു നാട്യമോ വ്യാജമോ ഇല്ലാതെ, ധാർമികമായി സത്യസന്ധമായത്.
2. ക്രിസ്തുവിനെ ജീവിക്കുന്ന ജീവിതം അന്തസ്സുറ്റതാണ്—ബഹുമാന്യവും, കുലീനവും, ഗൗരവമേറിയതും, ഉറച്ചതും, ഘനമേറിയതും, ആദരണീയവുമാണ്—1 തിമൊ. 3:8, 11; തീത്തൊ. 2:2; പ്ര.നി. റോമ. 9:21.

| | |
|---|---|
| 1 തിമൊ. 3:8 | അതുപോലെ സഭാസേവകരും ഘനമുള്ളവർ ആയിരിക്കണം, ഇരുനാവുള്ളവർ അരുത്, അധികം |

വീഞ്ഞിന് ആസക്തിയുള്ളവർ അരുത്, നീച ലാഭത്തിന് അത്യാഗ്രഹികളും അരുത്;

1 തിമൊ. 3:11 അതുപോലെ സ്ത്രീകളും ഘനമുള്ളവരായി, അപവാദികൾ ആകാതെ, സംയമശീലരും, എല്ലാ കാര്യങ്ങളിലും വിശ്വസ്തരും ആയിരിക്കണം.

തീത്തൊ. 2:2 വൃദ്ധന്മാർ സംയമശീലരും, ഘനമുള്ളവരും, സുബോധമുള്ളവരും, വിശ്വാസത്തിലും സ്നേഹത്തിലും സഹിഷ്ണുതയിലും ആരോഗ്യമുള്ളവരും ആയിരിക്കുവാൻ പ്രബോധിപ്പിക്കുക;

റോമ. 9:21 അല്ലെങ്കിൽ കുശവന് ഒരേ പിണ്ഡത്തിൽനിന്ന് ഒരു പാത്രം മാനത്തിനും വേറൊന്ന് അപമാനത്തിനും ഉണ്ടാക്കുവാൻ കളിമണ്ണിന്മേൽ അധികാരം ഇല്ലയോ?

3. ക്രിസ്തുവിനെ ജീവിക്കുന്ന ജീവിതം നീതിയുള്ളതാണ്—ദൈവത്തിനും മനുഷ്യനും മുമ്പാകെ നേരുള്ളതാണ്—ഫിലി. 3:9.

ഫിലി. 3:9 അവനിൽ കാണപ്പെടേണ്ടതിനും, ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിലുള്ള വിശ്വാസം മുഖാന്തരം, വിശ്വാസത്തെ ആധാരമാക്കി ദൈവത്തിൽ നിന്നുള്ള നീതി ഉണ്ടായിട്ട്,

4. ക്രിസ്തുവിനെ ജീവിക്കുന്ന ജീവിതം നിർമലമാണ്—ഉദ്ദേശ്യത്തിലും പ്രവൃത്തിയിലും യാതൊരു കലർപ്പുമില്ലാതെ ഏകാഗ്രമാണ്—മത്താ. 5:8.

മത്താ. 5:8 ഹൃദയശുദ്ധിയുള്ളവർ അനുഗൃഹീതർ, അവർ ദൈവത്തെ കാണും.

5. ക്രിസ്തുവിനെ ജീവിക്കുന്ന ജീവിതം രമണീയമാണ്—പ്രിയങ്കരവും, ഹൃദ്യവും, സ്നേഹമുണർത്തുന്നതുമാണ്.

6. ക്രിസ്തുവിനെ ജീവിക്കുന്ന ജീവിതം പ്രശംസനീയമായമാണ്—കീർത്തിപ്പെട്ടതും, സൽപ്പേരുള്ളതും, ആകർഷണീയവും, വശീകരിക്കുന്നതും, കൃപ നിറഞ്ഞതും ആണ്—ഹോശേ. 14:7.

ഹോശേ. 14:7 അവന്റെ നിഴലിൽ പാർക്കുന്നവർ വീണ്ടും ധാന്യം വിളയിക്കയും മുന്തിരിവള്ളിപോലെ തളിർക്കയും ചെയ്യും; അതിന്റെ കീർത്തി ലെബാനോനിലെ വീഞ്ഞിന്റേതുപോലെ ഇരിക്കും.

C. നന്മയും പുകഴ്ചയും മുകളിൽ പറഞ്ഞ ആറു കാര്യങ്ങളുടെ സംഗ്രഹമാണ്, അവയിലെല്ലാം ഏതാനും നന്മ അഥവാ ഉൽകൃഷ്ടതയും, പുകഴ്ച്ചയ്ക്ക് യോഗ്യമായ ചിലതും ഉണ്ട്—മത്താ. 5:16.

മത്താ. 5:16 അങ്ങനെതന്നെ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട് സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ അവർ

മഹത്വപ്പെടുത്തുവാൻ തക്കവണ്ണം, നിങ്ങളുടെ വെളിച്ചം മനുഷ്യരുടെ മുമ്പാകെ പ്രകാശിക്കട്ടെ.

D. ഒരു ശരിയായ മനുഷ്യനായിരിക്കുന്നത് നമ്മുടെ മാനുഷിക നന്മകളിൽ ദൈവത്തിന്റെ ദിവ്യ സദ്ഗുണങ്ങളിലൂടെ അവനെ ആവിഷ്കരിക്കുന്നതാണ്, ദൈവത്തിന്റെ സദ്ഗുണങ്ങളുടെ യാഥാർഥ്യമായ ക്രിസ്തുവിനാൽ നിറഞ്ഞ ഒരു മനുഷ്യജീവിതം ഉണ്ടായിരിക്കുന്നതാണ്—പ്ര.നി. ഉല്പ. 1:26.

ഉല്പ. 1:26 — അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു.

**V. "ഞാൻ ആയിരിക്കുന്ന ഏതു സാഹചര്യത്തിലും സംതൃപ്തനായിരിക്കുവാൻ ഞാൻ പഠിച്ചിരിക്കുന്നു. താഴ്ചയിൽ ആയിരിക്കുവാൻ എനിക്കറിയാം, സമൃദ്ധിയിൽ ആയിരിക്കുവാനും എനിക്കറിയാം; നിറഞ്ഞിരിക്കുവാനും വിശന്നിരിക്കുവാനും സമൃദ്ധിയിലായിരിക്കുവാനും ബുദ്ധിമുട്ടിലായിരിക്കുവാനും, ഓരോന്നിലും എല്ലാറ്റിലും ഞാൻ രഹസ്യം പഠിച്ചിരിക്കുന്നു. എന്നെ ശക്തനാക്കുന്നവനിൽ സകലവും ചെയ്യുവാൻ ഞാൻ പ്രാപ്തനാകുന്നു"—ഫിലി . 4:11b-13:**

A. ഏത് പരിതസ്ഥിതിയിലും, ഏത് സാഹചര്യത്തിലും, ഏത് വിഷയത്തിലും ക്രിസ്തു നിമിത്തം സംതൃപ്തനും സന്തോഷിക്കുവനുമായിരുന്നുകൊണ്ട് ക്രിസ്തുവിനെ അനുഭമാക്കുന്നതിനുള്ള രഹസ്യമായി പൗലൊസ് ക്രിസ്തുവിനെ എടുത്തു—വാ. 4.

ഫിലി. 4:4 — കർത്താവിൽ എപ്പോഴും സന്തോഷിക്കുവിൻ; വീണ്ടും ഞാൻ പറയും, സന്തോഷിക്കുവിൻ.

B. *ഞാൻ രഹസ്യം പഠിച്ചിരിക്കുന്നു* എന്നത് അക്ഷരീയമായി അർഥമാക്കുന്നത് "ഞാൻ നയിക്കപ്പെട്ടിരിക്കുന്നു" എന്നാണ്; മൗലികമായ തത്ത്വങ്ങളിൽ നിർദേശം ലഭിച്ചിട്ട് ഒരു വ്യക്തി ഒരു രഹസ്യ സമൂഹത്തിലേക്ക് നയിക്കപ്പെടുന്നതിനെ ഇവിടെയുള്ള രൂപകാലങ്കാരം സൂചിപ്പിക്കുന്നു—കൊലൊ. 2:2; എഫെ. 3:3-4; 5:32:

കൊലൊ. 2:2 — അവരുടെ ഹൃദയങ്ങൾക്ക് ആശ്വാസം ഉണ്ടാകേണ്ടതിനും, അവർ സ്നേഹത്തിൽ കൂട്ടിയിണയ്ക്കപ്പെട്ടും, ഗ്രാഹ്യത്തിന്റെ പൂർണ നിശ്ചയത്തിന്റെ സകല സമ്പത്തോളം, ക്രിസ്തു എന്ന ദൈവമർമത്തിന്റെ പൂർണ പരിജ്ഞാനത്തോളം എത്തുവാനുമായി, എത്ര വലിയ പോരാട്ടം എനിക്കുണ്ടെന്ന് നിങ്ങൾ അറിയുവാൻ ഞാൻ ഇച്ഛിക്കുന്നു.

എഫെ. 3:3 — ഞാൻ മുമ്പേ ചുരുക്കത്തിൽ എഴുതിയിരുന്നതുപോലെ,

വെളിപാടിനാൽ ആയിരുന്നു എനിക്കു മർമം അറിവാക്കിയത്,

എഫെ. 3:4 അതു വായിച്ചാൽ ക്രിസ്തുവിന്റെ മർമത്തിലുള്ള എന്റെ ഗ്രാഹ്യം നിങ്ങൾക്കു ഗ്രഹിക്കുവാൻ കഴിയും

എഫെ. 5:32 ഈ മർമം വലിയത്, എന്നാൽ ഞാൻ പറയുന്നത് ക്രിസ്തുവിനെയും സഭയെയും സംബന്ധിച്ചാകുന്നു.

1. പൗലൊസ് ക്രിസ്തുവിലേക്ക് പരിവർത്തിതനായശേഷം, അവൻ ക്രിസ്തുവിലേക്കും ക്രിസ്തുവിന്റെ ശരീരത്തിലേക്കും നയിക്കപ്പെട്ടു—പ്രവൃ. 9:3-19, 25-28; 22:6-21; 13:1-4.

പ്രവൃ. 9:3 അവൻ പോകുമ്പോൾ, അവൻ ദമസ്കൊസിനു സമീപം എത്തി, പെട്ടെന്ന് സ്വർഗത്തിൽനിന്ന് ഒരു വെളിച്ചം അവനു ചുറ്റം മിന്നി.

പ്രവൃ. 9:4 അവൻ നിലത്തു വീണു, അവനോട്, ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്? എന്നു പറയുന്ന ഒരു ശബ്ദം കേട്ടു.

പ്രവൃ. 9:5 നീ ആരാകുന്നു കർത്താവേ? എന്ന് അവൻ ചോദിച്ചതിന്, നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ.

പ്രവൃ. 9:6 എഴുന്നേറ്റ് പട്ടണത്തിലേക്കു പ്രവേശിക്കുക, നീ എന്തു ചെയ്യേണമെന്ന് നിന്നോടു പറയും എന്ന് അവൻ പറഞ്ഞു.

പ്രവൃ. 9:7 ശബ്ദം കേൾക്കുകയും, എന്നാൽ ആരെയും കാണാതിരിക്കുകയും ചെയ്തിട്ട്, അവനോടുകൂടെ സഞ്ചരിച്ചിരുന്ന പുരുഷന്മാർ മിണ്ടാട്ടമില്ലാതെ നിന്നു.

പ്രവൃ. 9:8 ശൗൽ നിലത്തുനിന്ന് എഴുന്നേറ്റു; അവന്റെ കണ്ണുകൾ തുറന്നിരുന്നെങ്കിലും, അവന് ഒന്നും കാണുവാൻ കഴിഞ്ഞില്ല. അവർ അവനെ കൈപിടിച്ചു ദമസ്കൊസിലേക്ക് കൊണ്ടുവന്നു.

പ്രവൃ. 9:9 അവൻ മൂന്നു ദിവസം കാണാതെയിരുന്നു, അവൻ ഭക്ഷിച്ചതും പാനം ചെയ്തതുമില്ല.

പ്രവൃ. 9:10 ദമസ്കൊസിൽ അനന്യാസ് എന്നു പേരുള്ള ഒരു ശിഷ്യൻ ഉണ്ടായിരുന്നു; കർത്താവ് ഒരു ദർശനത്തിൽ അവനോട്, അനന്യാസേ എന്നു വിളിച്ചു. ഞാൻ ഇതാ, കർത്താവേ എന്ന് അവൻ പറഞ്ഞു.

പ്രവൃ. 9:11 കർത്താവ് അവനോട്, എഴുന്നേറ്റ് നേർവീഥി എന്നു വിളിക്കപ്പെടുന്ന ഇടവഴിയിൽ പോയി, യൂദായുടെ ഭവനത്തിൽ തർസൊസുകാരനായ ശൗൽ എന്നു പേരുള്ളവനെ അന്വേഷിക്കുക; ഇതാ, അവൻ

പ്രാർഥിക്കുന്നു;

പ്രവൃ. 9:12 തന്റെ കാഴ്ച ലഭിക്കേണ്ടതിന്, അനന്യാസ് എന്നു പേരുള്ള ഒരു മനുഷ്യൻ അകത്തുവന്ന് തന്റെ മേൽ കൈ വയ്ക്കുന്നത് ഒരു ദർശനത്തിൽ അവൻ കണ്ടിരിക്കുന്നു.

പ്രവൃ. 9:13 എന്നാൽ അനന്യാസ്, കർത്താവേ, അവൻ യെരൂശലേമിലുള്ള നിന്റെ വിശുദ്ധന്മാരോട് എത്രമാത്രം ദുഷ്ടത ചെയ്തിരിക്കുന്നു എന്ന് ഈ മനുഷ്യനെക്കുറിച്ച് അനേകരിൽ നിന്ന് ഞാൻ കേട്ടിരിക്കുന്നു;

പ്രവൃ. 9:14 ഇവിടെയും നിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന എല്ലാവരെയും ബന്ധിക്കുവാൻ മുഖ്യപുരോഹിതന്മാരിൽ നിന്ന് അവന് അധികാരമുണ്ട്.

പ്രവൃ. 9:15 എന്നാൽ കർത്താവ് അവനോട്, പോകുക, ഇവൻ ജാതികൾക്കും രാജാക്കന്മാർക്കും, യിസ്രായേൽ പുത്രന്മാർക്കും മുമ്പാകെ എന്റെ നാമം വഹിക്കുവാൻ, എനിക്കായി തിരഞ്ഞെടുക്കപ്പെട്ട ഒരു പാത്രമാകുന്നു;

പ്രവൃ. 9:16 എന്റെ നാമത്തിനു വേണ്ടി അവൻ എത്രമാത്രം കഷ്ടം സഹിക്കേണം എന്ന് ഞാൻ അവന് കാണിച്ചുകൊടുക്കും എന്നു പറഞ്ഞു.

പ്രവൃ. 9:17 അനന്യാസോ പുറപ്പെട്ടു പോയി ഭവനത്തിലേക്കു പ്രവേശിച്ചു, തന്റെ കൈ അവന്റെ മേൽ വച്ച്, ശൗലേ, സഹോദരാ, കർത്താവ്—നീ വരുന്ന വഴിയിൽ നിനക്ക് പ്രത്യക്ഷപ്പെട്ട യേശു—നിനക്ക് കാഴ്ച ലഭിക്കേണ്ടതിനും പരിശുദ്ധാത്മാവിനാൽ നിറയേണ്ടതിനും എന്നെ അയച്ചിരിക്കുന്നു എന്നു പറഞ്ഞു.

പ്രവൃ. 9:18 ഉടനെ അവന്റെ കണ്ണുകളിൽ നിന്ന് ചെതുമ്പൽപോലെ എന്തോ വീണു, അവന് കാഴ്ച ലഭിക്കുകയും അവൻ എഴുന്നേറ്റ് സ്നാനപ്പെടുകയും ചെയ്തു.

പ്രവൃ. 9:19 അവൻ ഭക്ഷണം കഴിച്ചശേഷം, ശക്തി പ്രാപിച്ചു. ചില നാളുകൾ ദമസ്കൊസിലുള്ള ശിഷ്യന്മാരോടുകൂടെ അവൻ ഉണ്ടായിരുന്നു.

പ്രവൃ. 9:25 എന്നാൽ അവന്റെ ശിഷ്യന്മാർ രാത്രിയിൽ അവനെ എടുത്ത് ഒരു കുട്ടയിൽ താഴ്ത്തിവച്ച് മതിലിലൂടെ താഴെയിറക്കി.

പ്രവൃ. 9:26 പിന്നെ അവൻ യെരൂശലേമിൽ എത്തിയപ്പോൾ, ശിഷ്യന്മാരോട് ചേരുവാൻ ശ്രമിച്ചു; എങ്കിലും അവൻ ഒരു ശിഷ്യനാകുന്നു എന്ന് വിശ്വസിക്കാതെ എല്ലാവരും

| | |
|---|---|
| | അവനെ ഭയപ്പെട്ടു. |
| പ്രവൃ. 9:27 | എന്നാൽ ബർന്നബാസ് അവനെ പിടിച്ച് അപ്പൊസ്തലന്മാരുടെ അടുക്കലേക്ക് നയിച്ചിട്ട്, എങ്ങനെ ശൗൽ കർത്താവിനെ വഴിയിൽവച്ച് കാണുകയും കർത്താവ് അവനോട് സംസാരിക്കുകയും ചെയ്തു എന്നും, എങ്ങനെ അവൻ ദമസ്കൊസിൽ യേശുവിന്റെ നാമത്തിൽ ധൈര്യത്തോടെ സംസാരിച്ചു എന്നും അവരോട് വിവരിച്ചു. |
| പ്രവൃ. 9:28 | പിന്നെ യെരൂശലേമിനുള്ളിൽ വന്നും പോയും, കർത്താവിന്റെ നാമത്തിൽ ധൈര്യത്തോടെ സംസാരിച്ചുംകൊണ്ട് അവൻ അവരോടുകൂടെ ആയിരുന്നു. |
| പ്രവൃ. 22:6 | ഞാൻ യാത്രചെയ്ത് ദമസ്കൊസിനോട് അടുത്തപ്പോൾ ഏകദേശം നട്ടുച്ചയ്ക്ക്, പെട്ടെന്ന് സ്വർഗത്തിൽനിന്ന് വലിയൊരു വെളിച്ചം എനിക്കു ചുറ്റും മിന്നി; |
| പ്രവൃ. 22:7 | ഞാൻ നിലത്തു വീഴുകയും, ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നതെന്ത്? എന്നു എന്നോടു പറയുന്ന ഒരു ശബ്ദം കേൾക്കുകയും ചെയ്തു. |
| പ്രവൃ. 22:8 | നീ ആരാകുന്നു കർത്താവേ? എന്ന് ഞാൻ ഉത്തരം നൽകി. നീ ഉപദ്രവിക്കുന്ന നസറായനായ യേശു ആകുന്നു ഞാൻ എന്ന് അവൻ എന്നോടു പറഞ്ഞു. |
| പ്രവൃ. 22:9 | എന്നോടുകൂടെ ഉണ്ടായിരുന്നവർ വെളിച്ചം കണ്ടുവെങ്കിലും എന്നോടു സംസാരിക്കുന്നവന്റെ ശബ്ദം കേട്ടില്ല. |
| പ്രവൃ. 22:10 | കർത്താവേ ഞാൻ എന്തു ചെയ്യേണം? എന്നു ഞാൻ ചോദിച്ചു. കർത്താവ് എന്നോട്, എഴുന്നേറ്റ് ദമസ്കൊസിലേക്കു പോകുക, നിനക്കു ചെയ്യുവാൻ നിയമിച്ചിരിക്കുന്ന സകല കാര്യങ്ങളേയും സംബന്ധിച്ച് അവിടെ നിന്നോടു പറയും എന്നു പറഞ്ഞു. |
| പ്രവൃ. 22:11 | ആ വെളിച്ചത്തിന്റെ തേജസ്സ് നിമിത്തം എനിക്കു കാണുവാൻ കഴിയാത്തതിനാൽ, എന്നോടുകൂടെ ഉണ്ടായിരുന്നവരുടെ കയ്യാൽ ഞാൻ നയിക്കപ്പെട്ട് ദമസ്കൊസിലേക്കു വന്നു. |
| പ്രവൃ. 22:12 | അവിടെ വസിക്കുന്ന സകല യെഹൂദന്മാരാലും നല്ല സാക്ഷ്യമുള്ള, ന്യായപ്രമാണപ്രകാരം ഭക്തനായ, അനന്യാസ് എന്നു പേരുള്ള ഒരു മനുഷ്യൻ, |

| | |
|---|---|
| പ്രവൃ. 22:13 | എന്റെ അടുക്കൽ വന്നു നിന്നിട്ട് എന്നോട്, ശൗലേ, സഹോദരാ, നിന്റെ കാഴ്ച്ച പ്രാപിക്കുക! എന്നു പറഞ്ഞു. ആ നാഴികയിൽത്തന്നെ ഞാൻ അവനെ മുഖമുയർത്തി നോക്കി. |
| പ്രവൃ. 22:14 | അവൻ എന്നോട്, നമ്മുടെ പിതാക്കന്മാരുടെ ദൈവം നിന്നെ തന്റെ ഹിതം അറിയുവാനും നീതിമാനായവനെ കാണുവാനും അവന്റെ വായിൽ നിന്നു വരുന്ന ശബ്ദം കേൾക്കുവാനും മുമ്പേ നിയമിച്ചിരിക്കുന്നു. |
| പ്രവൃ. 22:15 | നീ കാണുകയും കേൾക്കുകയും ചെയ്തിരിക്കുന്ന കാര്യങ്ങൾക്ക്, സകല മനുഷ്യർക്കും നീ അവന് ഒരു സാക്ഷിയാകും. |
| പ്രവൃ. 22:16 | ഇനി വൈകുന്നതെന്ത്? എഴുന്നേറ്റ് അവന്റെ നാമം വിളിച്ചപേക്ഷിച്ചുകൊണ്ട് സ്നാനപ്പെടുകയും നിന്റെ പാപങ്ങൾ കഴുകിക്കളയുകയും ചെയ്യുക. |
| പ്രവൃ. 22:17 | പിന്നെ ഞാൻ യെരൂശലേമിലേക്കു മടങ്ങിവന്നു ദൈവാലയത്തിൽ പ്രാർഥിക്കുമ്പോൾ ഒരു വിവശതയിലേക്കു പ്രവേശിച്ചു; |
| പ്രവൃ. 22:18 | അവൻ എന്നോട്, പെട്ടന്ന്, യെരൂശലേമിൽനിന്നു വേഗം പുറത്തു പോകുക, അവർ എന്നെക്കുറിച്ചുള്ള നിന്റെ സാക്ഷ്യം സ്വീകരിക്കുകയില്ല എന്നു പറയുന്നത് ഞാൻ കണ്ടു. |
| പ്രവൃ. 22:19 | ഞാൻ പറഞ്ഞു, കർത്താവേ ഞാൻ സിനഗോഗുകൾ തോറും നിന്റെ മേൽ വിശ്വസിക്കുന്നവരെ കാരാഗൃഹത്തിൽ അടയ്ക്കുകയും മർദിക്കുകയും ചെയ്തിരുന്നു എന്ന് അവർ അറിയുന്നു; |
| പ്രവൃ. 22:20 | നിന്റെ സാക്ഷിയായ സ്തെഫാനോസിന്റെ രക്തം ചിന്തിയപ്പോൾ, ഞാൻ അടുത്തുനിന്ന് അതിനെ അംഗീകരിക്കുകയും അവനെ വകവരുത്തുന്നവരുടെ വസ്ത്രം കാക്കുകയും ചെയ്യുകയായിരുന്നു. |
| പ്രവൃ. 22:21 | അവൻ എന്നോട്, പോകുക, ഞാൻ നിന്നെ ദൂരെ ജാതികളുടെ അടുക്കൽ അയയ്ക്കും എന്നു പറഞ്ഞു. |
| പ്രവൃ. 13:1 | അന്ത്യോക്യയിലെ സ്ഥലം സഭയിൽ, ബർന്നബാസ്, നീഗർ എന്നു പേരുള്ള ശിമ്യോൻ, കുറേനക്കാരനായ ലൂക്യൊസ്, ഇടപ്രഭുവായ ഹെരോദാവിന്റെ വളർത്തു സഹോദരനായ മനായേൻ, ശൗൽ എന്നീ പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരും ഉണ്ടായിരുന്നു. |
| പ്രവൃ. 13:2 | അവർ കർത്താവിന് ശുശ്രൂഷിക്കുകയും |

ഉപവസിക്കുകയും ചെയ്തു കൊണ്ടിരിക്കുമ്പോൾ, ബർന്നബാസിനെയും ശൗലിനെയും ഞാൻ അവരെ വിളിച്ചിരിക്കുന്ന വേലക്കായി ഇപ്പോൾ എനിക്കു വേർതിരിക്കുക എന്ന് പരിശുദ്ധാത്മാവ് പറഞ്ഞു.

പ്രവൃ. 13:3 അപ്പോൾ, അവർ ഉപവസിച്ചു പ്രാർഥിക്കുകയും അവരുടെ മേൽ തങ്ങളുടെ കൈ വച്ചശേഷം അവരെ അയയ്ക്കുകയും ചെയ്തു.

പ്രവൃ. 13:4 പരിശുദ്ധാത്മാവിനാൽ അയയ്ക്കപ്പെട്ടിട്ട്, അവർ സെലൂക്യയിലേക്ക് ഇറങ്ങിപ്പോയി; അവിടെനിന്ന് അവർ കുപ്രൊസിലേക്ക് കപ്പൽ കയറി.

2. ക്രിസ്തുവിനെ ജീവനായി എങ്ങനെ എടുക്കാമെന്നും (കൊലൊ. 3:4), ക്രിസ്തുവിനെ എങ്ങനെ ജീവിക്കാമെന്നും (ഫിലി. 1:21a), ക്രിസ്തുവിനെ എങ്ങനെ മഹിമപ്പെടുത്താമെന്നും (വാ. 20), ക്രിസ്തുവിനെ എങ്ങനെ നേടാമെന്നും (3:8, 12), എങ്ങനെ സഭാജീവിതം ഉണ്ടായിരിക്കാമെന്നുമുള്ള (വാ. 1:8, 19; 2:1-4, 19-20; 4:1-3) രഹസ്യം പൗലൊസ് പഠിച്ചു.

കൊലൊ. 3:4 നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

ഫിലി. 1:21 എനിക്കു ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു.

ഫിലി. 1:20 എന്റെ വ്യഗ്രമായ പ്രതീക്ഷയ്ക്കും പ്രത്യാശയ്ക്കും ഒത്തവണ്ണം, യാതൊന്നിലും ഞാൻ ലജ്ജിച്ചുപോകാതെ, പൂർണ ധൈര്യത്തോടെ, എപ്പോഴും എന്നപോലെ ഇപ്പോഴും ജീവനാലാകട്ടെ മരണത്താലാകട്ടെ ക്രിസ്തു എന്റെ ശരീരത്തിൽ മഹിമപ്പെടും.

ഫിലി. 3:8 അത്രയുമല്ല എന്റെ കർത്താവായ ക്രിസ്തു യേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ സകലവും നഷ്ടമെന്ന് എണ്ണുന്നു, ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും,

ഫിലി. 3:12 നേടിക്കഴിഞ്ഞു എന്നോ, തികഞ്ഞവനായിക്കഴിഞ്ഞു എന്നോ അല്ല, എന്നാൽ ക്രിസ്തു യേശുവിനാൽ ഞാൻ എന്തിന് പിടിക്കപ്പെട്ടുവോ, അത് ഞാനും പിടിക്കാമോ എന്നുവച്ച് പിൻപറ്റുന്നതേയുള്ളു.

ഫിലി. 1:8 ക്രിസ്തു യേശുവിന്റെ അന്തർഭാഗങ്ങളിൽ നിങ്ങൾ എല്ലാവരെയും ഞാൻ എത്ര വാഞ്ഛിക്കുന്നു എന്നതിന് ദൈവം എന്റെ സാക്ഷി.

ഫിലി. 1:19 നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ

ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു,

ഫിലി. 2:1 അതുകൊണ്ട് ക്രിസ്തുവിൽ വല്ല പ്രോത്സാഹനവും, സ്നേഹത്തിന്റെ വല്ല ആശ്വാസവും, ആത്മാവിന്റെ വല്ല കൂട്ടായ്മയും, വല്ല ആർദ്രതയും മനസ്സലിവുകളും ഉണ്ടെങ്കിൽ,

ഫിലി. 2:2 നിങ്ങൾ ഒരേ കാര്യം ചിന്തിച്ച്, ഒരേ സ്നേഹം ഉള്ളവരായി, ദേഹിയിൽ ചേർന്ന്, ഒരു കാര്യം ചിന്തിച്ചുകൊണ്ട്,

ഫിലി. 2:3 സ്വാർഥമോഹത്താലോ വ്യർഥമഹത്വത്താലോ ഒന്നും ചെയ്യാതെ, തങ്ങളെക്കാൾ മറ്റുള്ളവർ അധികം ശ്രേഷ്ഠർ എന്ന് മനസ്സിന്റെ താഴ്മയിൽ അന്യോന്യം കരുതിക്കൊണ്ട്,

ഫിലി. 2:4 ഓരോരുത്തനും തന്റെ സ്വന്തം നന്മകളല്ല, മറ്റുള്ളവരുടെ നന്മകളും നോക്കിക്കൊണ്ട് എന്റെ സന്തോഷം പൂർണമാക്കുവിൻ.

ഫിലി. 2:19 എന്നാൽ നിങ്ങളെക്കുറിച്ചുള്ള കാര്യങ്ങൾ അറിഞ്ഞിട്ട് ഞാനും പ്രോത്സാഹിതനാകേണ്ടതിന്, തിമൊഥെയൊസിനെ വൈകാതെ നിങ്ങളുടെ അടുക്കൽ അയയ്ക്കുവാൻ കർത്താവായ യേശുവിൽ ആശിക്കുന്നു.

ഫിലി. 2:20 നിങ്ങളെ സംബന്ധിക്കുന്നതിൽ പരമാർഥമായി കരുതുവാൻ സമ-ദേഹിയുള്ളവനായി എനിക്ക് ആരുമില്ലല്ലോ;

ഫിലി. 4:1 അതിനാൽ എന്റെ പ്രിയരും വാഞ്ഛിതരുമായ സഹോദരന്മാരേ, എന്റെ സന്തോഷവും കിരീടവുമേ, പ്രിയരേ, ഇങ്ങനെ കർത്താവിൽ ഉറച്ചു നിൽക്കുവിൻ.

ഫിലി. 4:2 കർത്താവിൽ ഒരേ കാര്യം ചിന്തിക്കുവാൻ യുവൊദ്യയെയും സുന്തുകയെയും ഞാൻ പ്രബോധിപ്പിക്കുന്നു.

ഫിലി. 4:3 അതെ, സാക്ഷാൽ കൂട്ടുനുകക്കാരാ, അവർ എന്നോടും ക്ലേമന്തിനോടും ജീവപുസ്തകത്തിൽ പേരുള്ള ശേഷമുള്ള എന്റെ കൂട്ടുവേലക്കാരോടുംകൂടെ സുവിശേഷത്തിൽ പൊരുതിയതിനാൽ, അവരെ തുണയ്ക്കണമെന്ന് നിന്നോടും ഞാൻ ആവശ്യപ്പെടുന്നു,

3. നമ്മെ ശക്തരാക്കുന്നവനായ ക്രിസ്തുവിൽ സകലവും ചെയ്യുക എന്നതാണ് ഫിലിപ്പിയർ 4-ലെ രഹസ്യം (വാ. 13; *ഗീതം*, #564); ക്രിസ്തുവിലുള്ള ഒരു വ്യക്തിയെന്ന നിലയിൽ, പൗലൊസ് ക്രിസ്തുവിനെ അനുഭവമാക്കുകയും എല്ലാ പരിതസ്ഥിതികളിലും അവനെ പ്രയോഗിക്കുകയും ചെയ്തു (ഫിലി. 3:9); ഈ ക്രിസ്തു യഥാർഥവാനും, ജീവനുള്ളവനും, സമീപസ്ഥനും, ലഭ്യനും, പ്രബലനുമാണ് (4:5b; *ഗീതം*, #539).

Phil 4 be omitted.

ഫിലി. 4:13 എന്നെ, ശക്തനാക്കുന്നവനിൽ സകലവും ചെയ്യുവാൻ ഞാൻ പ്രാപ്തനാകുന്നു.

*Hymns*, ML158

1
കർത്താവിൽ വസിപ്പാനുള്ള
രഹസ്യം ഞാൻ പഠിച്ചു;
ജീവുറവയെ രുചിപ്പൂ,
വചനം കുടിക്കുന്നു;
രക്തത്തിൻ കീഴിൽ വസിപ്പതിൻ
ശക്തി ഞാൻ കണ്ടെത്തി;
യേശുവിൽ ഞാൻ നഷ്ടപ്പെട്ടു,
ദൈവത്തിൽ മുങ്ങിടുന്നു.

കർത്താവിൽ വസിപ്പൂ ഞാൻ
വചനം വിശ്വസിപ്പൂ;
തൻ സ്നേഹ മാറിൽ ഞാൻ മറഞ്ഞിരിപ്പൂ.
അതേ, കർത്താവിൽ വസിപ്പൂ
വചനം വിശ്വസിപ്പൂ,
തൻ സ്നേഹ മാറിൽ ഞാൻ മറഞ്ഞിരിപ്പൂ.

2
ക്രൂശിതനായ് യേശുവോടൊപ്പം,
ജീവിക്കുന്നവനെന്നിൽ;
ബദ്ധപ്പാടിൽ നിന്നും മോചിതൻ,
ഞാൻ ഇല്ല, അവനത്രേ.
വിധേയപ്പെടുന്നെൻ ഇച്ഛ,
ആത്മാവെന്നിൽ വാഴുന്നു;
തന്റെ രക്തമെന്നെ
നിമിഷവും ശുദ്ധനാക്കുന്നു.

3

എന്റെ രോഗങ്ങളെ എല്ലാം,
അവൻ സൗഖ്യമാക്കുന്നു;
എന്റെ ഭയം ദുഃഖമെല്ലാം,
അവനോടു ചൊല്ലുന്നു,
എൻ ശക്തി യേശുവിൽ നിന്നും,
ശ്വസിച്ചു ഞാൻ ജീവിപ്പൂ;
തൻ മനം, വിശ്വാസം, ജീവൻ,
സ്നേഹം നൽകുന്നെനിക്ക്.

4
എൻ വാക്കുകൾക്ക് തൻ ജ്ഞാനം
എൻ വേലയ്ക്ക് തൻ ശക്തി;
എൻ വഴിയിൽ തൻ സാന്നിധ്യം
എന്നെ നയിച്ചീടുന്നു.
എന്റെ ഹൃത്തിൻ ഓഹരി,
എന്റെ സന്തോഷവുമവൻ;
രക്ഷകൻ, സൗഖ്യദായകൻ,
കർത്തൻ, രാജാവുമവൻ.

ഫിലി. 3:9 അവനിൽ കാണപ്പെടേണ്ടതിനും, ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിലുള്ള വിശ്വാസം മുഖാന്തരം, വിശ്വാസത്തെ ആധാരമാക്കി ദൈവത്തിൽ നിന്നുള്ള നീതി ഉണ്ടായിട്ട്,

ഫിലി. 4:5 ..., കർത്താവ് സമീപമുണ്ട്..

*Hymns*, ML52

1
കർത്താവേ, എന്നിൽ നീ
ജീവനും സകലവുമായ്!
അനുഭവവേദ്യൻ നിന്നെ,
ഞാൻ അനുഭവിപ്പൂ.

കർത്താ, നീ ആത്മാവല്ലോ!
പ്രിയൻ സമീപസ്ഥൻ!
നിൻ അതിശയ ലഭ്യത
ഞാൻ ആസ്വദിക്കുന്നു.

2
എന്നാവശ്യങ്ങൾക്കെല്ലാം നീ
സമ്പന്ന സഹായം;
ഞാൻ നിന്നെ പ്രയോഗിക്കുവാൻ

നീ മതിയായവൻ.

3
നിൻ അഭിഷേകത്തിൻ ശക്തി
ക്ഷീണതയിൽ താങ്ങും;
നിൻ ഊർജ്ജത്തിൻ സഹായത്താൽ
എൻ ബലത്തെ കാക്കും.

4
എന്നുള്ളിലെ ജീവപ്രമാണം
നിയന്ത്രിക്കുന്നെന്നെ;
നിൻ സത്യത്തിൻ ധനം എന്നെ
സാന്ദ്രീകരിക്കുന്നു.

5
ഒന്നല്ലോ നീ എന്നോടെന്നേക്കും
നിസ്തുല ഐക്യം!
എപ്പോഴും എന്നോടേകാത്മാവ്
നിത്യതയോളം!

4. ശക്തനാക്കുന്നവനെന്ന നിലയിൽ ക്രിസ്തുവിനെക്കുറിച്ചുള്ള പൗലൊസിന്റെ വാക്ക് പ്രത്യേകമായി പ്രയോഗിക്കപ്പെടുന്നത്, നമ്മുടെ മാനുഷിക നന്മകളെന്ന നിലയിൽ അവനെ ജീവിക്കുന്നതിന് ക്രിസ്തു നമ്മെ ശക്തിപ്പെടുത്തുന്നതിലാണ്, അതുവഴി ഏതു പരിതസ്ഥിതിയിലും അവന്റെ പരിധിയില്ലാത്ത മാഹാത്മ്യത്തിൽ അവനെ മഹിമപ്പെടുത്തുന്നു—ഫിലി. 4:8-13.

| | |
|---|---|
| ഫിലി. 4:8 | ഒടുവിൽ സഹോദരന്മാരേ, സത്യമായതൊക്കെയും അന്തസ്സുറ്റതൊക്കെയും നീതിയായതൊക്കെയും നിർമലമായതൊക്കെയും രമണീയമായതൊക്കെയും പ്രശംസനീയമായതൊക്കെയും, എന്തെങ്കിലും നന്മയും പുകഴ്ച്ചയും ഉണ്ടെങ്കിൽ, അതൊക്കെയും എണ്ണിക്കൊള്ളുവിൻ. |
| ഫിലി. 4:9 | നിങ്ങൾ എന്നിൽ പഠിച്ചതും പ്രാപിച്ചതും കേട്ടതും കണ്ടതുമായ കാര്യങ്ങൾ ആചരിക്കുവിൻ; സമാധാനത്തിന്റെ ദൈവമോ നിങ്ങളോടുകൂടെ ഇരിക്കും. |
| ഫിലി. 4:10 | എന്നാൽ ഇപ്പോൾ ഒരു കാലയളവിനു ശേഷം എനിക്കു വേണ്ടിയുള്ള നിങ്ങളുടെ വിചാരം പുതുതായി പുഷ്പിക്കുവാൻ നിങ്ങൾ ഇടയാക്കിയതിനാൽ ഞാൻ കർത്താവിൽ അത്യന്തം സന്തോഷിച്ചു; അതിനായി |

| | |
|---|---|
| | നിങ്ങൾ ചിന്തിച്ചിരുന്നെങ്കിലും, അവസരം ലഭിച്ചിരുന്നില്ല. |
| ഫിലി. 4:11 | ബുദ്ധിമുട്ട് നിമിത്തം ഞാൻ സംസാരിക്കുന്നതല്ല, ഞാൻ ആയിരിക്കുന്ന ഏതു സാഹചര്യത്തിലും സംതൃപ്തനായിരിക്കുവാൻ ഞാൻ പഠിച്ചിരിക്കുന്നു. |
| ഫിലി. 4:12 | താഴ്ച്ചയിൽ ആയിരിക്കുവാൻ എനിക്കറിയാം, സമൃദ്ധിയിൽ ആയിരിക്കുവാനും എനിക്കറിയാം; നിറഞ്ഞിരിക്കുവാനും വിശന്നിരിക്കുവാനും, സമൃദ്ധിയിലായിരിക്കുവാനും ബുദ്ധിമുട്ടിലായിരിക്കുവാനും, ഓരോന്നിലും എല്ലാറ്റിലും ഞാൻ രഹസ്യം പഠിച്ചിരിക്കുന്നു. |
| ഫിലി. 4:13 | എന്നെ, ശക്തനാക്കുന്നവനിൽ സകലവും ചെയ്യുവാൻ ഞാൻ പ്രാപ്തനാകുന്നു. |

5. ക്രിസ്തുവിന്റെ ശക്തീകരണത്തിലൂടെ, നമുക്ക് സംതൃപ്തമായ ഒരു ജീവിതം നയിക്കുവാനും സത്യവാന്മാരും, അന്തസ്സുറ്റവരും, നീതിയുള്ളവരും, നിർമലരും, രമണീയരും, പ്രശംസനീയരും ആയിരിക്കുവാൻ കഴിയും (വാ. 11-12, 8); ഈ നന്മകളുള്ള ഒരു ജീവിതം നയിക്കുന്നത് ഒരു ക്രിസ്തീയ വേല ചെയ്യുന്നതിനേക്കാൾ പ്രയാസകരമാണ്.

| | |
|---|---|
| ഫിലി. 4:11 | ബുദ്ധിമുട്ട് നിമിത്തം ഞാൻ സംസാരിക്കുന്നതല്ല, ഞാൻ ആയിരിക്കുന്ന ഏതു സാഹചര്യത്തിലും സംതൃപ്തനായിരിക്കുവാൻ ഞാൻ പഠിച്ചിരിക്കുന്നു. |
| ഫിലി. 4:12 | താഴ്ച്ചയിൽ ആയിരിക്കുവാൻ എനിക്കറിയാം, സമൃദ്ധിയിൽ ആയിരിക്കുവാനും എനിക്കറിയാം; നിറഞ്ഞിരിക്കുവാനും വിശന്നിരിക്കുവാനും, സമൃദ്ധിയിലായിരിക്കുവാനും ബുദ്ധിമുട്ടിലായിരിക്കുവാനും, ഓരോന്നിലും എല്ലാറ്റിലും ഞാൻ രഹസ്യം പഠിച്ചിരിക്കുന്നു. |
| ഫിലി. 4:8 | ഒടുവിൽ സഹോദരന്മാരേ, സത്യമായതൊക്കെയും അന്തസ്സുറ്റതൊക്കെയും നീതിയായതൊക്കെയും നിർമലമായതൊക്കെയും രമണീയമായതൊക്കെയും പ്രശംസനീയമായതൊക്കെയും, എന്തെങ്കിലും നന്മയും പുകഴ്ച്ചയും ഉണ്ടെങ്കിൽ, അതൊക്കെയും എണ്ണിക്കൊള്ളുവിൻ. |

6. ശക്തനാക്കുന്നവനെന്ന നിലയിൽ ക്രിസ്തുവിനെ നാം അനുഭവമാക്കണമെങ്കിൽ, താഴെപ്പറയുന്ന കാര്യങ്ങളിൽ നാം അവനുമായി സഹകരിക്കേണ്ടതാവശ്യമാണ്:
   a. ഭൂമിയിലുള്ള നമ്മുടെ പ്രായോഗിക ജീവിതത്തിൽ, നാം ദൈവമുമ്പാകെ വരുകയും, അവനിലേക്ക് പ്രവേശിക്കുകയും,

അവന്റെ മുഖപ്രകാശത്തിൽ ജീവിക്കുകയും ചെയ്തുകൊണ്ട് നിരന്തരം പ്രാർഥിക്കുന്ന വ്യക്തികളായിരിക്കണം—സങ്കീ. 42:5, 11; 80:1, 3, 7, 19.

സങ്കീ. 42:5 എന്റെ ആത്മാവേ, നീ വിഷാദിച്ചു ഉള്ളിൽ ഞരങ്ങുന്നതെന്തു? ദൈവത്തിൽ പ്രത്യാശ വെക്കുക; അവൻ എന്റെ മുഖപ്രകാശകരക്ഷയും എന്റെ ദൈവവുമാകുന്നു എന്നിങ്ങനെ ഞാൻ ഇനിയും അവനെ സ്തുതിക്കും.

സങ്കീ. 42:11 എന്റെ ആത്മാവേ, നീ വിഷാദിച്ചു ഉള്ളിൽ ഞരങ്ങുന്നതു എന്തു? ദൈവത്തിൽ പ്രത്യാശവെക്കുക; അവൻ എന്റെ മുഖപ്രകാശകരക്ഷയും എന്റെ ദൈവവുമാകുന്നു എന്നിങ്ങനെ ഞാൻ ഇനിയും അവനെ സ്തുതിക്കും.

സങ്കീ. 80:1 സംഗീതപ്രമാണിക്കു; സാരസസാക്ഷ്യം എന്ന രാഗത്തിൽ; ആസാഫിന്റെ ഒരു സങ്കീർത്തനം. ആട്ടിൻകൂട്ടത്തെപ്പോലെ യോസേഫിനെ നടത്തുന്നവനായി യിസ്രായേലിന്റെ ഇടയനായുള്ളോവേ, ചെവിക്കൊള്ളേണമേ; കെരൂബുകളിന്മേൽ അധിവസിക്കുന്നവനേ, പ്രകാശിക്കേണമേ.

സങ്കീ. 80:3 ദൈവമേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ; ഞങ്ങൾ രക്ഷപ്പെടേണ്ടതിന്നു തിരുമുഖം പ്രകാശിപ്പിക്കേണമേ.

സങ്കീ. 80:7 സൈന്യങ്ങളുടെ ദൈവമേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ; ഞങ്ങൾ രക്ഷപ്പെടേണ്ടതിന്നു തിരുമുഖം പ്രകാശിപ്പിക്കേണമേ.

സങ്കീ. 80:19 സൈന്യങ്ങളുടെ ദൈവമായ യഹോവേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ; ഞങ്ങൾ രക്ഷപ്പെടേണ്ടതിന്നു തിരുമുഖം പ്രകാശിപ്പിക്കേണമേ.

b. ക്രൂശിൽ കർത്താവ് രക്തം ചൊരിഞ്ഞതിനെ അടിസ്ഥാനമാക്കി, നമ്മുടെ പാപങ്ങളുടെ സമഗ്രവും പുതുമയുള്ളതുമായ ക്ഷമ നാം അനുഭവിക്കേണ്ടതാവശ്യമാണ്—എബ്രാ. 9:14; 10:19, 22; പുറ. 24:8; മത്താ. 26:28.

എബ്രാ. 9:14 നിത്യാത്മാവിലൂടെ നിഷ്കളങ്കനായി തന്നെത്താൻ ദൈവത്തിന് അർപ്പിച്ച ക്രിസ്തുവിന്റെ രക്തം, ജീവനുള്ള ദൈവത്തെ സേവിക്കുവാൻ നമ്മുടെ മനസ്സാക്ഷിയെ നിർജീവ പ്രവൃത്തികളിൽനിന്ന് എത്രയധികം

ശുദ്ധീകരിക്കും?

| | |
|---|---|
| എബ്രാ. 10:19 | അതുകൊണ്ട് സഹോദരന്മാരേ, യേശുവിന്റെ രക്തത്തിൽ അതിവിശുദ്ധസ്ഥലത്തേക്ക് പ്രവേശിക്കുവാൻ ധൈര്യം ഉള്ളതുകൊണ്ടും, |
| എബ്രാ. 10:22 | ദുർമനസ്സാക്ഷിയിൽ നിന്നു നമ്മുടെ ഹൃദയങ്ങൾ തളിക്കപ്പെട്ടും നിർമല ജലത്താൽ നമ്മുടെ ശരീരങ്ങൾ കഴുകപ്പെട്ടും, വിശ്വാസത്തിന്റെ പൂർണനിശ്ചയത്തിൽ പരമാർഥ ഹൃദയത്തോടെ നമുക്ക് അതിവിശുദ്ധസ്ഥലത്തേക്ക് മുമ്പോട്ട് കടന്നുവരാം. |
| പുറ. 24:8 | അപ്പോൾ മോശെ രക്തം എടുത്തു ജനത്തിന്മേൽ തളിച്ചു; ഈ സകലവചനങ്ങളും ആധാരമാക്കി യഹോവ നിങ്ങളോടു ചെയ്തിരിക്കുന്ന നിയമത്തിന്റെ രക്തം ഇതാ എന്നു പറഞ്ഞു. |
| മത്താ. 26:28 | എന്തെന്നാൽ ഇത് അനേകർക്കുവേണ്ടി, പാപങ്ങളുടെ ക്ഷമയ്ക്കായി ഒഴിക്കപ്പെടുന്ന, ഉടമ്പടിയുടെ എന്റെ രക്തമാകുന്നു എന്നു പറഞ്ഞു. |

c. ആരോഹണം എന്താണെന്ന് നാം അറിയുകയും, നാം സ്വീകരിച്ചിട്ടുള്ള ജീവൻ ഒരു സ്വർഗീയ ജീവനാണെന്ന് നാം അറിയുകയും വേണം; നാം കർത്താവിനോടുകൂടെ സ്വർഗത്തിലേക്ക് ആരോഹണം ചെയ്തിട്ടുണ്ടെന്നും അങ്ങനെ നാം സ്വർഗീയ വ്യക്തികളാണെന്നുമുള്ള വസ്തുത നാം അറിയണം; ബാഹ്യമായി, നാം ഇപ്പോഴും ഭൂമിയിൽ ജീവിക്കുന്നു, എന്നാൽ ആന്തരികമായി, നമ്മുടെ ആന്തരിക ജീവനെയും മാനസികാവസ്ഥയെയും സംബന്ധിച്ചിടത്തോളം, നാം സ്വർഗത്തിൽ ജീവിക്കുകയാണ്—എഫെ. 2:6; എബ്രാ. 8:1-2; 4:14-15; 7:25-26.

| | |
|---|---|
| എഫെ. 2:6 | അവനോടുകൂടെ ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ ക്രിസ്തു യേശുവിൽ അവനോടുകൂടെ ഇരുത്തുകയും ചെയ്തു, |
| എബ്രാ. 8:1 | ഈ പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യങ്ങളിലെ മുഖ്യകാര്യം ഇതാകുന്നു: സ്വർഗത്തിൽ, മഹിമാസനത്തിന്റെ വലത്തുഭാഗത്തിരുന്നവനായി, |
| എബ്രാ. 8:2 | വിശുദ്ധസ്ഥലങ്ങളുടെ, മനുഷ്യനല്ല കർത്താവ് ഉറപ്പിച്ച സത്യകൂടാരത്തിന്റെ തന്നെ ശുശ്രൂഷകനായ ഇങ്ങനെ ഒരു |

| | |
|---|---|
| | മഹാപുരോഹിതൻ നമുക്കുണ്ട്. |
| എബ്രാ. 4:14 | ആകയാൽ സ്വർഗത്തിലൂടെ കടന്നുപോയ ശ്രേഷ്ഠ മഹാപുരോഹിതനായി ദൈവപുത്രനായ യേശു ഉള്ളതുകൊണ്ട്, നമുക്ക് ഈ ഏറ്റുപറച്ചിൽ മുറുകെപ്പിടിക്കാം. |
| എബ്രാ. 4:15 | നമ്മുടെ ബലഹീനതകളുടെ അനുഭൂതിയാൽ സ്പർശിതനാകുവാൻ കഴിയാത്ത ഒരു മഹാപുരോഹിതനല്ല, പാപമില്ലാതെ എല്ലാ രീതിയിലും നമ്മെപ്പോലെ പരീക്ഷിക്കപ്പെട്ട ഒരുവനത്രേ നമുക്കുള്ളത്. |
| എബ്രാ. 7:25 | അതിനാൽ അവനിലൂടെ ദൈവത്തിന്റെ അടുക്കൽ മുമ്പോട്ടു കടന്നു വരുന്നവർക്കു വേണ്ടി പക്ഷവാദം ചെയ്യുവാൻ അവൻ എപ്പോഴും ജീവിക്കുന്നതിനാൽ, അവരെ അങ്ങേയറ്റം രക്ഷിക്കുവാൻ പ്രാപ്തനാകുന്നു. |
| എബ്രാ. 7:26 | ഇങ്ങനെയുള്ള ഒരു മഹാപുരോഹിതൻ നമുക്ക് അനുയോജ്യനായിരുന്നു, വിശുദ്ധൻ, നിഷ്കളങ്കൻ, മലിനപ്പെടാത്തവൻ, പാപികളിൽനിന്നു വേർപെട്ടവൻ, സ്വർഗങ്ങളെക്കാൾ ഉന്നതനായിത്തീർന്നവൻ, |